# ULKKAZHCHA

**English, Malayalam & Tamil Quarterly**

Vol. No. VI FEBRUARY 2026 Issue No. 1

**Qarterly Publication of Lutheran Christava Samskarika Vedi**

Regd. under TCLS & CS Act of 1955 Reg.No.TVM/ TC/1192/2016

email: gslcsv1192@gmail.com website: www.lcsv.in





ശ്രീ ഭാർഗ്ഗവാ
ഗോൾഡ് & ഡയമണ്ട്സ്
മാർക്കറ്റ് റോഡ് ഉച്ചക്കട
0471 2210943, 9447452825
916
HALLMARK HUID
GOLD & DIAMONDS
വിവാഹ
ആഭരണങ്ങൾക്ക്
ഉല്പാദനവില മാത്രം
പഴയ സ്വർണ്ണാഭരണങ്ങൾക്ക്
ഉയർന്ന മൂല്യം
ഞങ്ങളുടെ പ്രത്യേകതകൾ
2gmൽ തുടങ്ങുന്ന മാലകൾ 1gmൽ തുടങ്ങുന്ന Bracelet കൾ 1/2 gmൽ തുടങ്ങുന്ന Ring കളക്ഷൻസ് 4 gmൽ തുടങ്ങുന്ന പാദസരങ്ങൾ 2900ൽ തുടങ്ങുന്ന ഡയമണ്ട് കളക്ഷനുകൾ...
പൊന്നിൽ തീർത്ത
പ്രൗഢിയുടെ
തിളക്കം
MOTO
ODYSSEY
Call:
9526014276
ഞങ്ങളുടെ മറ്റൊരു സ്ഥാപനം
ഉച്ചക്കടയിലെ ആദ്യത്തെ
Complete Motorcycle
Accessories Store

# ULKKAZHCHA

**English, Malayalam & Tamil Quarterly**

Vol. No. VI February 2026 Issue No. 1

**Qarterly Publication of Lutheran Christava Samskarika Vedi**

Regd. under TCLS & CS Act of 1955 Reg.No.TVM/ TC/1192/2016

email: gslcsv1192@gmail.com website: www.lcsv.in


**OUR PATRONS**



**Dr. T.P. SREENIVASAN**
Former Ambassador of
India to United Nation



**Shri. T.K.A. NAIR**
Former Principal Secretary to
Former Prime Minister of India



**Dr. CHRISTIAN BARTOLF ZINZENDORFSTR**
810888 Berlin Germany
Former Ambassador of
India to United Nations



**Dr. MARK EISINGER**
Civitan International Executive
Vice President and Past
International President, USA



**Dr. SHAIJU DAVID ALFI**
Social Scientist



**Mr. JUSTIN JOY J**
Section Officer,
Government Secretariat

## CONTENTS


എഡിറ്റോറിയൽ........................................4-5

പ്രസിഡന്റിന്റെ സന്ദേശം.............................6-7

സെക്രട്ടറി എഴുതുന്നു..................................8

പുതു നവീകരണം തേടുന്ന നവീകരണ സഭകൾ.. 9-12

ഞാൻ കണ്ട ക്രിസ്തുമസ്സ് .........................13-14

കഴിഞ്ഞ ലക്കത്തിലെ ലേഖന അഭിപ്രായം......15-17

ക്രിസ്തുമസ്സ് ചിന്തകൾ...........................19-20

നുറുങ്ങുകൾ............................................21

മരുന്നുകൾ ജീവനു ഭീഷണയാകുമ്പോൾ...22-23

His Image and Our Obligation .........24-25

Awareness to the Society .....................26

**நான் ஐயர் ஆனது எப்படி?**.........................27-28

ബാലദർശനം - വിശ്വാസപ്രമാണങ്ങൾ .......29-30


## Editorial Board :


**Rev.C.Nesamony**
President, LCSV (Mob: 9745814848)

**Mr.Shijin.S.S**
Treasurer, LCSV (Mob: 8078151538)

**Dr. Babu K Norbert**
Chief Editor (Mob: 9447242842, 9400329842)

**Rev.D.V.Bernard** (Mob: 8289911120)

**Mr.Godwin Joseph** (Mob: 9447601900)

**Mr.L.Mohandas** (Mob: 9447208616)

**Mrs.Vimalakumari.P** (Mob: 9446173177)

# എഡിറ്റോറിയൽ

## കുറ്റകൃത്യങ്ങൾക്ക് അടിമപ്പെടുന്നവർ

**മോഷ്ടാക്കൾ :** മോഷണം പ്രഥമ ദൃഷ്ട്യാ കുറ്റകരവും, ശിക്ഷാർഹവുമാണ്. സൂക്ഷ്മമായി പരിശോധിച്ചാൽ, ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാവരും മോഷണത്തിന്റെ പരിധിയിൽ വരും. 'മോഷണം' എന്ന വാക്കിനു പകരം 'കവർന്നെടുക്കുക' എന്ന വാക്ക് ഉപയോഗിച്ചാൽ മോഷണത്തിന്റെ അർത്ഥവ്യാപ്തി കുറെ കൂടെ വ്യക്തമാകും. ചുവടെ ചേർത്തിരിക്കുന്ന നിയമവിരുദ്ധ പ്രവർത്തികളെ ശ്രദ്ധിച്ചാൽ നാം എവിടെ നില്ക്കുന്നു എന്നും മനസ്സിലാകും. കൈക്കൂലി, അഴിമതി, മായം ചേർക്കൽ, പൂഴ്ത്തി വയ്ക്കൽ, കരിച്ചന്ത, കളളക്കടത്ത്, കുഴൽപ്പണം തുടങ്ങിയവയെല്ലാം മോഷണത്തിന്റെ പരിധിയിൽ വരും. ജോലി ചെയ്യാതെ വേതനം പറ്റുക, ജോലിക്കു കൂലി നല്കാതിരിക്കുക, കൂലി പിടിച്ചു വയ്ക്കുക തുടങ്ങി പരിധിയിൽ കവിഞ്ഞ - നിയമ വിരുദ്ധമായ പലിശ ഈടാക്കുക. കമ്മിഷനും, ഡിസ്ക്കൗണ്ടും, റിയൽ എസ്റ്റേറ്റ് സംവിധാനങ്ങളും ക്രയവിക്രയങ്ങളുമെല്ലാം മോഷണം തന്നെ.

ക്രിസ്തുമതത്തിൽ 'മോഷ്ടിക്കരുത്' എന്നൊരു കല്പന തന്നെയുണ്ട്. മറ്റു മതങ്ങളും മോഷണത്തെ തെറ്റായിത്തന്നെ കാണുന്നു. മറ്റുള്ളവരുടെ പണവും, വസ്തുവും അവരുടെ അവകാശത്തിൽപ്പെട്ടതെന്തും സ്വന്തമാക്കുന്നതും, സ്വന്തമാക്കാൻ ശ്രമിക്കുന്നതും അവയെ സൂക്ഷിക്കാതിരിക്കുന്നതും, സൂക്ഷിപ്പാൻ സഹായിക്കാതിരിക്കുന്നതും 'മോഷണം' എന്ന വ്യാഖ്യാനം ക്രിസ്തുമതം നല്കുന്നു.

മോഷണ ശ്രമത്തിൽ, മറ്റു പല അതിക്രമങ്ങളും അരങ്ങേറാറുണ്ട്. ലൈംഗിക പീഢനം, വധശ്രമം, കൊലപാതകം തുടങ്ങിയ അതികഠിന ശിക്ഷയ്ക്കു വിധേയമായ കുറ്റകൃത്യങ്ങളും ചെയ്യാറുണ്ട്.

നീതിന്യായ വ്യവസ്ഥകളെ വെല്ലുവിളിച്ച് അവിഹിതമായ കാര്യങ്ങൾ നേടിയെടുക്കാൻ ആവശ്യക്കാർ നല്കുന്നതും, അപ്രകാരമുള്ള പ്രവർത്തി നിർവ്വഹിക്കുന്നവർക്കു നല്കുന്ന പ്രതിഫലവുമാണ് കൈക്കൂലി. കൈക്കൂലി പോലെ തന്നെ കുറ്റകരമാണ് അഴിമതി. വൻ സാമ്പത്തിക നേട്ടം കൈവരിക്കുന്നവർ സമൂഹത്തിന് പുഴുക്കുത്തു തന്നെ. ഇത്തരക്കാർ പിടിക്കപ്പെടുമ്പോൾ മാത്രമാണ് 'വേണ്ടായിരുന്നു' എന്ന് ചിന്തിക്കുന്നത്. അപ്പോഴേക്കും സമയം വൈകിയിരിക്കും.

മനുഷ്യർക്കും, ജീവജാലങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങളും, ജീവഹാനി തന്നെയും ഉണ്ടാക്കുന്ന മാരകവിഷങ്ങളും, ഉല്പന്നങ്ങളും കലർത്തി വിപണനം ചെയ്യുന്നതാണ് മായം ചേർക്കൽ. സമൂഹത്തിലെ ഉന്നതന്മാരെന്നോ സാധാരണക്കാരെന്നോ ഉളള വ്യത്യാസം കൂടാതെ എല്ലാവരും മായം ചേർക്കലിലെ കണ്ണികളാണ്. പാലിൽ വെള്ളം ചേർത്തു വില്ക്കുക, കാപ്പിപ്പൊടിയിൽ പുളിക്കുരുവിന്റെ തോട് പൊടിച്ചു ചേർക്കുക, കുരുമുളകിൽ പൂച്ചെടിക്കായ് കലർത്തുക, അരിയിൽ വിവിധതരം വിഷപ്പൊടികൾ, കല്ല് എന്നിവ കലർത്തി വിൽക്കുന്നതെല്ലാം മായം ചേർക്കൽ തന്നെ - മോഷണം തന്നെ.

ആവശ്യ സാധനങ്ങൾക്ക് കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അമിത വില ഈടാക്കി ലാഭം കൊയ്യുന്ന പൂഴ്ത്തി വയ്പും, കരിഞ്ചന്തയും മോഷണം തന്നെ, ജനദ്രോഹപരമായ പ്രവർത്തികൾ തന്നെ.

ജോലി ചെയ്യാതെ കൂലി/ ശമ്പളം വാങ്ങുക, അദ്ധ്വാനിക്കുന്നവരുടെ കൂലി/ശമ്പളം നല്കാതിരിക്കുക, പിടിച്ചു വയ്ക്കുക ഇതും മോഷണം തന്നെ. സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് നിശ്ചിത ശമ്പളം നല്കണമെന്ന് കേരളത്തിൽ നിയമമുണ്ട്. ഉദ്യോഗസ്ഥരുടെ ശമ്പളം ബാങ്കിൽ നിക്ഷേപിച്ച് അവരുടെ ചെക്കു മുഖാന്തരം അതേ തുക പിൻവലിക്കുകയും ചെയ്യുന്നു. ഉദ്യോഗസ്ഥർക്കു ഇതിന്റെ 50% പോലും നല്കുന്നില്ല. ജോലി ചെയ്യാതെ കൂലി/ശമ്പളം വാങ്ങുന്നവരുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. സർക്കാർ ഉദ്യോഗസ്ഥർ ഹാജർ പതിച്ചതിനു ശേഷം സ്വകാര്യ ആവശ്യങ്ങളിൽ ഏർപ്പെടുന്നതു സർവ്വ സാധാരണമാണല്ലോ. ഇതും വലിയ തട്ടിപ്പും, വെട്ടിപ്പും ചൂഷണവും

തന്നെ. 'നിങ്ങളുടെ നിലങ്ങളെ കൊയ്ത വേലക്കാരുടെ കൂലി നിങ്ങൾ പിടിച്ചുവല്ലോ. അതു നിങ്ങളുടെ അടുക്കൽ നിന്ന് നിലവിളിക്കുന്നു. കൊയ്തവരുടെ മുറവിളി കർത്താവിന്റെ ചെവിയിൽ എത്തിയിരിക്കുന്നു' (യാക്കോ.5:4). കാര്യം എത്ര ഗൗരവം എന്നു ചിന്തിക്കുക; പണം പലിശക്കു നല്കൽ, എന്തിനും, ഏതിനും കമ്മിഷൻ, റിയൽ എസ്റ്റേറ്റ് സംവിധാനം ക്രയവിക്രയങ്ങളിലെല്ലാം നീതിയും ന്യായവും നിലനിർത്താൻ ശ്രദ്ധിക്കുക, നീതി ന്യായ നിർവ്വഹണത്തിൽ രക്തബന്ധം, മത, ജാതി, രാഷ്ട്രീയ ബന്ധങ്ങളൊന്നും പരിഗണിക്കരുത്.

മുകളിലെ പരാമർശങ്ങളിൽ കുറ്റകൃത്യങ്ങളിലേർപ്പെടാത്തവർ ആരും ഇല്ലെന്നു കണ്ടെത്താൻ കഴിയും. അങ്ങനെയെങ്കിൽ നാം കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഭാഗത്തു നിന്നു വേണം കുറ്റവാളികളെ കാണാൻ.

കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ കുറ്റവാളികളായി ജനിക്കുന്നില്ല. സമൂഹത്തിന്റെ / സംവിധാനത്തിന്റെ സൃഷ്ടികളാണ്. എങ്കിലും കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ മാതൃകാ പരമായി ശിക്ഷിക്കണം. അതേ സമയം, തിന്മ വിട്ടു നന്മയിലേക്കു തിരിച്ചു വരാനുള്ള അവസരവും ഒരുക്കണം.

ക്രിസ്തീയ സമൂഹം കുറ്റകൃത്യങ്ങളിൽ നിന്നു വിമുക്തരാകണം. കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുകയും അവരെ മാനസാന്തരത്തിലേക്ക് നടക്കാൻ പാപമോചനം, രക്ഷ നല്കുന്ന ദൈവത്തെ പരിചയപ്പെടുത്തിക്കൊടുക്കുകയും വേണം.

'അല്ലയോ ധനവാന്മാരേ, നിങ്ങളുടെ മേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ. നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പു പുഴുവരിച്ചും പോയി. നിങ്ങളുടെ പൊന്നും വെള്ളിയും കറ പിടിച്ചു. ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും (യാക്കോ.5:1-3). ഇതു ധനവാന്മാരെ കുറിച്ചു മാത്രമല്ല; ദുഷ്ടതയും, അകൃത്യങ്ങളുമായ കുറ്റകൃത്യം ചെയ്യുന്ന എല്ലാവർക്കും നേരെയുള്ളതു തന്നെ; നടുങ്ങുവിൻ, പാപം ചെയ്യാതിരിപ്പിൻ.

സസ്നേഹം,

**Dr.Babu K Norbert**
Chief Editor

*

## വായനക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

'ഉൾക്കാഴ്ച' പ്രസിദ്ധീകരണം വായനക്കാർക്ക് എത്രത്തോളം പ്രയോജനപ്പെടുന്നു എന്നറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊള്ളുന്നു.

ഫെബ്രുവരി ലക്കം മുതൽ 'ധ്യാന ചിന്ത' 'നുറുങ്ങുകൾ' എന്നീ രണ്ടു പംക്തികൾ ആരംഭിക്കുന്നു. താല്പര്യമുള്ള ആർക്കും പംക്തി കൈകാര്യം ചെയ്യാവുന്നതാണ്.

വനിത, സൺഡേസ്കൂൾ പാഠങ്ങളുടെ അപഗ്രഥനം, തിരുവനന്തപുരം സിനഡിലെ മുൻകാല ശുശ്രൂഷകരുടെ ലഘു ജീവചരിത്രം, ശൈശവകാല സ്വഭാവ രൂപീകരണവും, ശീലങ്ങളും, സൗജന്യ നിയമോപദേശം എന്നീ വിഷയങ്ങളും ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നു.

എഡിറ്റോറിയൽ ബോർഡ് തെരഞ്ഞെടുക്കുന്ന രചനകൾ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്. നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രചനകളും അയക്കേണ്ട മേൽവിലാസം.

Dr. BABU K. NORBERT,
KRIPA,
Vazhuthur,
Neyyattinkara P.O.,
Trivandrum - 695 121.

Mob: 9447242842
9400329842

# പ്രസിഡന്റിന്റെ സന്ദേശം

## നോമ്പാചരണം

പാപം ചെയ്ത് ദൈവശിക്ഷയ്ക്കു വിധേയരായ യിസ്രായേൽ മക്കൾക്ക് ആത്മ തപനത്തിനും, മാനസാന്തരത്തിനുമായി ദൈവം കല്പിച്ചു നൽകിയതും (യോവേൽ 2:16,17) യിസ്രായേൽ മക്കൾ അനുഷ്ഠിച്ചിരുന്നതുമാണ് (യോന 3:6-10) നോമ്പാചരണം. രട്ടുടുത്ത്, വെണ്ണീറിലിരുന്ന് തലയിൽ പൂഴി വാരിയിട്ട് വസ്ത്രം കീറുന്നത് നോമ്പാചരണത്തിനും ആത്മതപനത്തിനും പശ്ചാത്തലം ഒരുക്കുന്നു. അതേ സമയം തെറ്റായ നോമ്പാചരണത്തെ ദൈവം നിശിതമായി വിമർശിക്കുന്നു. **നിങ്ങൾ നോമ്പു നോല്ക്കുന്ന ദിവസത്തിൽത്തന്നെ നിങ്ങളുടെ കാര്യാദികളെ നോക്കുകയും, നിങ്ങളുടെ എല്ലാ വേലക്കാരെയും കൊണ്ടു അദ്ധ്വാനിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾ വിവാദത്തിനും കലഹത്തിനും ക്രൂരമുഷ്ടി കൊണ്ടടിക്കേണ്ടതിനും നോമ്പു നോല്ക്കുന്നു (യെശ.58:3-5).** ദൈവത്തിനു പ്രസാദമുള്ളതും ഫലപ്രദവുമായ നോമ്പാചരണം എന്തെന്നു ദൈവം പഠിപ്പിക്കുന്നു. **അന്യായബന്ധങ്ങളെ അഴിക്കുക, നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയക്കുക, എല്ലാ നുകത്തെയും തകർക്കുക ഇതല്ലയോ എനിക്കിഷ്ടമുള്ള ഉപവാസം. വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കി കൊടുക്കുന്നതും, അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തു കൊള്ളുന്നതും, നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും, നിന്റെ മാംസരക്തങ്ങളായവർക്കു നിന്നെത്തന്നെ മറക്കാതിരിക്കുകയും ചെയ്യുന്നതല്ലയോ (യെശ.58:6-8).**

### നൊയമ്പാചരണം - പുതിയ നിയമ കാലത്ത്

ക്രിസ്തീയ ജീവിതത്തിന്റെ അതിപ്രധാന കാലഘട്ടമാണ് നൊയമ്പ് കാലം. മോശെ നാല്പതു ദിവസം സീനായ് പർവ്വതത്തിൽ യഹോവയോടുകൂടെ പാർത്തതിന്റെയും (പുറ.34:28; ആവർ.9:9) യേശുക്രിസ്തു നാല്പതു ദിവസം മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെട്ടതിന്റെയും (മത്താ.4:2; ലൂക്കൊ.4:1) പിൻബലം നൊയമ്പാചരണത്തിനുണ്ട്. നാല്പതു ദിവസങ്ങൾക്കു ശേഷം, യഹോവ യിസ്രായേൽ ജനത്തോടു ചെയ്ത നിയമത്തിന്റെ ഉടമ്പടി (കല്പന) യുമായിട്ടാണ് മോശ തിരിച്ചു വരുന്നത്. പിശാചിന്റെ പരീക്ഷകളെ ജയിച്ചവനായാണ് യേശുവിന്റെ തിരിച്ചു വരവ്. നമുക്കു പിശാചിന്റെയും പാപത്തിന്റെയും മരണത്തിന്റെയും ബന്ധനത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിക്കുന്ന കാലമാകണം നൊയമ്പു കാലം - നൊയമ്പാചരണം.

ലൂഥറൻ സഭക്ക് നോമ്പാചരണത്തിനു പശ്ചാത്തലമൊരുക്കുവാൻ നോമ്പ് - ആചാരാനുഷ്ഠാന നിയമങ്ങൾ ഉണ്ട്. ദൈവാലയത്തിലെയും കുടുംബങ്ങളിലെയും ആഘോഷങ്ങളും വിശേഷ ചടങ്ങുകളും ഒഴിവാക്കുക. ഇതിന്റെ പ്രാരംഭമായി ദൈവാലയത്തിലെയും വീടുകളിലെയും അലങ്കാര വസ്തുക്കൾ (ക്രിസ്തുമസ് കാലത്തേത്) അഴിച്ചു മാറ്റുന്നു. ഭക്ഷണത്തിൽ വർജ്ജനം ആചരിക്കുക, സ്വയം നിയന്ത്രണവും അച്ചടക്കവും പാലിച്ച് ആത്മതപനം ചെയ്യണം. അതു മാനസാന്തരത്തിലേക്കും, പാപമോചനത്തിലേക്കും വഴി നടത്തണം.

ഇപ്പോഴത്തെ ലൂഥറൻ നോമ്പാചരണം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നിബന്ധനകൾ ലംഘിക്കുന്നു. നോമ്പാചരണം തന്നെ ആഘോഷത്തിന്റെ സ്വഭാവം കൈവരിച്ചിരിക്കുന്നു. എല്ലാ ദിവസവും രാവിലെ ബൈബിൾ പാരായണവും, രാത്രികാലങ്ങളിൽ ആരാധനയും ഉണ്ട്. കുട്ടികളെയും ദൈവവചന പരിജ്ഞാനമില്ലാത്തവരെയും ആരാധനയിൽ വചനശുശ്രൂഷക്ക് പങ്കാളികളാക്കുക എന്ന ഗുരുതരമായ തെറ്റു ചെയ്തു വരുന്നു. ക്രൂശിലെ ഏഴുമൊഴികൾ തന്നെ ദു:ഖവെള്ളിയാഴ്ച പ്രസംഗിക്കണമെന്ന തെറ്റിദ്ധാരണയും ശക്തിപ്പെട്ടു വരുന്നു.

ഇക്കഴിഞ്ഞ നോമ്പു കാലത്ത് ചില സഭകൾ V.B.S. ആഘോഷപൂർവ്വം നടത്തുകയുണ്ടായി. ഒരു സഭയിൽ ഫുട്ബോൾ ടൂർണമെന്റും നടത്തി. മുൻപ് V.B.S. സെമിനാർ നടത്തുമെന്നല്ലാതെ മറ്റു പ്രവർത്തനങ്ങൾ അനുവദിച്ചിരുന്നില്ല.

അക്ഷരംപ്രതി നോമ്പു പാലിക്കുകയും, ആശയപരമായി നോമ്പു ലംഘിക്കുന്നവരും കുറവല്ല. നോമ്പ് കാലത്ത് വിവാഹം, വീടു പ്രതിഷ്ഠ നടത്താതെയും അക്ഷരംപ്രതി നോമ്പു പാലിക്കുന്നു. ഈസ്റ്ററിന്റെ അടുത്ത ദിവസം വിവാഹം, ഗൃഹപ്രതിഷ്ഠ തുടങ്ങിയവ നടത്തുമ്പോൾ ആശയപ്രകാരം നോമ്പു ലംഘിക്കുന്നു. നോമ്പുകാലം മുഴുവനും ഒരുക്കത്തിലായിരുന്നുവല്ലോ.

യിസ്രായേൽ ജനങ്ങളെപ്പോലെയും, പുതിയ നിയമ വിശ്വാസികളെപ്പോലെയും, ആത്മതപനത്തിന്റെ നാളുകൾ തന്നെയായിരിക്കുന്ന നോമ്പു കാലം പാടുകയും, പ്രാർത്ഥിക്കുകയും, ആരാധിക്കുകയും ചിലപ്പോൾ ഉപവസിക്കുകയും ചെയ്യുന്നതിൽ മാത്രം ഒതുങ്ങുന്നതാകരുത്. നൊയമ്പാചരണം പാപമോചനത്തിലൂടെ ആത്മശുദ്ധി ഉണ്ടാകണം. പ്രായോഗിക ജീവിതം മെച്ചപ്പെടണം. 'നോമ്പാചരണം കഴിഞ്ഞ് - പുനരുത്ഥാരണത്തിനു ശേഷം - ആത്മ പരിശോധന നടത്തി യേശുവിനോടു കൂടെ പാപത്തിനു മരിച്ച് നീതിക്ക് പുനരുത്ഥാനം ചെയ്തു എന്ന് ഓരോ ക്രിസ്ത്യാനിയും ഉറപ്പു വരുത്തണം.

ഭൗതീകതയിൽ നിന്നു വേറിട്ട് (Separate from worldly affairs) ആത്മീയതയോട് ചേർന്ന് (Separate to the spiritual world) ഉള്ളതാണ് നൊയമ്പാചരണം. അത്തരമൊരു നൊയമ്പാചരണത്തിന്റെ അനുഭവമാകട്ടെ 2026 ലെ നൊയമ്പാചരണം. അതിലൂടെ വ്യക്തികളും, കുടുംബങ്ങളും, സഭയും, സമൂഹവും വിശുദ്ധിയുടെയും പ്രകാശത്തിന്റെയും സമാധാനത്തിന്റെയും പ്രഭ ചൊരിയട്ടെ എന്നാശംസിക്കുന്നു.

*എവരുടേയും നന്മക്കായി*
*പ്രാർത്ഥിച്ചുകൊണ്ട്*
*സ്നേഹപൂർവ്വം*

**Rev. C.Nesamony**
President, LCSV

✱

## സംവരണം ഒറ്റനോട്ടത്തിൽ

കേരളത്തിലെ നാടാർ സമുദായ അംഗങ്ങൾ സർക്കാർ ജോലിക്കും ഉന്നത വിദ്യാഭ്യാസ മേഖലയിലും അനുഭവിച്ച് വരുന്ന സംവരണ ആനുകൂല്യങ്ങളെ കുറിച്ച് ഒരു ചെറു വിവരണം ഒറ്റനോട്ടത്തിൽ ചുവടെ കൊടുക്കുന്നു.

### ഉദ്യോഗ സംവരണം

| സമുദായം | സംവരണം ലഭിക്കുന്ന ഉദ്യോഗ മേഖല | ലഭിക്കുന്ന സംവരണം ശതമാനത്തിൽ |
|---|---|---|
| SIUC നാടാർ | ഓഫീസ് അറ്റൻഡന്റ് വരെയുള്ള തസ്തിക | 1% |
| SIUC നാടാർ | OA മുതൽ മുകളിലേക്ക് തസ്തികർക്ക് | 1% |
| നാടാർ ഹിന്ദു | OA വരെയുള്ള തസ്തികകളിലേക്ക് | 1% |
| നാടാർ ഹിന്ദു | OA മുതൽ മുകളിലേക്കുള്ള തസ്തികകൾക്ക് | 1% |
| SIUC ഒഴികെയുള്ള മറ്റ് നാടാർ ക്രൈസ്തവർ (OBC യിൽ ഉൾപ്പെടുന്നവർ) | OA all below | 6% |
| ” | OA മുതൽ മുകളിലേക്കുള്ള തസ്തികർ | 3% |

കേരള സംസ്ഥാനത്തിലെ നാടാർ സമുദായം അനുഭവിച്ച് വരുന്ന ഉന്നത വിദ്യാഭ്യാസ സംവരണം ചുവടെ കൊടുക്കുന്നു. (MBBS, Engl, MD, Ph.D തുടങ്ങിയവ)

| | | |
|---|---|---|
| SIUC നാടാർ | - | ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംവരണം ഇല്ല |
| ഹിന്ദു നാടാർ | - | 1% |
| SIUC ഒഴികെയുള്ള നാടാർ കൈസ്തവരും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ക്രൈസ്തവർ (SEBC ആനുകൂല്യം) | | 1% |

# സെക്രട്ടറി എഴുതുന്നു

ലൂഥറൻ ക്രൈസ്തവ സാംസ്കാരിക വേദി (LCSV) യുടെ 2025-26 വർഷത്തെ പ്രവർത്തനങ്ങളുടെ അവസാന നാളുകളിലേയ്ക്ക് കടക്കുകയാണ്. 2026 മാർച്ച് 31 ന് ഈ വർഷത്തെ പ്രവർത്തന കാലാവധി അവസാനിക്കുമ്പോൾ മുൻ വർഷങ്ങളിലേതിനെക്കാൾ കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചില്ലെങ്കിലും, അത്രത്തോളമെങ്കിലും നടത്തുവാൻ സാധിച്ചു എന്നു വിലയിരുത്തുവാൻ സാധിക്കും. ഏപ്രിൽ മാസം നടക്കുന്ന വാർഷിക പൊതുയോഗത്തിൽ വിശദമായ വിലയിരുത്തൽ നടക്കുമ്പോൾ, പുതിയ ആശയങ്ങളും പ്രവർത്തനങ്ങളുമായി മുന്നേറുവാൻ കഴിയുമെന്നു പ്രത്യാശിക്കുന്നു.

LCSV ഊരമ്പ് യൂണിറ്റ് പുതുതായി ആരംഭിച്ച ചിത്രരചന, പെയിന്റിംഗ് - പരിശീലന ക്ലാസ്സ് 30.11.2025 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് LCSV ഹെഡ് ഓഫീസിൽ ചേർന്ന യോഗത്തിൽ വച്ച് LCSV സെക്രട്ടറി ഡോ. ബാബു കെ. നോർബർട്ട് ഉത്ഘാടനം നിർവ്വഹിച്ചു. 86 വിദ്യാർത്ഥികൾ പരിശീലനം നടത്തി വരുന്നു. ഈ ക്ലാസ്സിന്റെ വിജയം കണ്ടിട്ട് പലരുടെയും ആവശ്യപ്രകാരം മറ്റു വിഷയങ്ങൾക്കുള്ള വെക്കേഷൻ ക്ലാസ്സുകൾ ആരംഭിക്കുവാനുള്ള ഒരുക്കത്തിലാണ് യൂണിറ്റ് ഭാരവാഹികൾ.

അന്നേദിവസം തന്നെ പ്രസ്തുത യോഗത്തിൽ വച്ച് LCSV പ്രസിഡന്റ് റവ. സി. നേശമണി രചിച്ച നമ്മുടെ കാലം, നമ്മുടെ സമൂഹം എന്ന പുസ്തകത്തിന്റെ പ്രകാശനം, കൺകോർഡിയ സെമിനാരി മുൻ പ്രിൻസിപ്പാൾ റവ. ഡോ. ജോഷ്വാ ശിരോമണി LCSV സെക്രട്ടറി ഡോ. ബാബു കെ. നോർബർട്ടിനു നൽകി നിർവ്വഹിച്ചു.

റിട്ട. ലൂഥറൻ ശുശ്രൂഷകൻ റവ. പി.ഡി. ഗബ്രിയേൽ 12.01.2026 തിങ്കളാഴ്ച രാവിലെ കർത്താവിൽ നിദ്ര പ്രാപിച്ചു. തിട്ടക്കുടി ലൂഥറൻ സഭാ ശുശ്രൂഷകൻ റവ. ജിനോ ഷൈൻ പരേതന്റെ പുത്രനാണ്.

കൽപ്പാറപ്പൊറ്റ സഭാംഗവും തറട്ടവിള ലൂഥറൻ സഭാ ശുശ്രൂഷകനുമായ റവ. വിജയന്റെ മാതാവ് ചെല്ലമ്മ 19.01.2026 തിങ്കളാഴ്ച കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതർക്ക് LCSV യുടെ ആദരാഞ്ജലികൾ.

2024-2025 അദ്ധ്യയന വർഷത്തിൽ SSLC, +2, Degree, Post Graduations തലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ LCSV അംഗങ്ങൾ, ജീവിത പങ്കാളികൾ, മക്കൾ എന്നിവരിൽ നിന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ ഉൾപ്പെടെയുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അർഹരായവർക്ക് 2026 ഏപ്രിൽ മാസം നടക്കുന്ന വാർഷിക പൊതുയോഗത്തിൽ വച്ച് അനുമോദനം നൽകുന്നതാണ്.

വരുന്ന നോമ്പ്, ഉയിർപ്പ് ദിനങ്ങൾ അനുതാപത്തിന്റെയും, മാനസാന്തരത്തിന്റെയും അനുഭവങ്ങൾ ഏവരിലും ഉണ്ടാകട്ടെ എന്നാശംസിച്ചുകൊണ്ട്,

പ്രാർത്ഥനയോടെ,

സസ്നേഹം,
**Dr.Babu K Norbert**
Secretary, LCSV

✱

## ചിത്രരചന, പെയിന്റിംഗ് പരിശീലന ക്ലാസ്സിന്റെ ഉത്ഘാടനവും പുസ്തക പ്രകാശനവും – ചില ദൃശ്യങ്ങൾ












# പുതു നവീകരണം തേടുന്ന നവീകരണ സഭകൾ



**Rev. Dr. D.Christudas**
Former Principal
Concordia Theological Seminary,
Nagercoil

കുറുന്തോട്ടിയ്ക്കും വാതം! ഇതൊരു ശൈലിയാണ്. പരിഹാരം ചെയ്തു കൊടുക്കാൻ പ്രാപ്തരായവർക്ക് തന്നെയും പരിഹാരം ആവശ്യമായി വരിക. ഔഷധ കൂട്ടിന് തന്നെ രോഗം ബാധിച്ചാലുള്ള അവസ്ഥയാണ് ഇവിടെ ധ്വനി. പ്രശ്നങ്ങൾ തീർക്കേണ്ടവർ തന്നെ വലിയ പ്രശ്നമായി മാറിയാലോ? ഇതാണ് ഇന്നത്തെ നവീകരണ സഭകളുടെ അവസ്ഥ. നവീകരണ മുന്നണി പോരാളികൾക്ക് കാലം ചാർത്തിയ പേര് പ്രൊട്ടസ്റ്റന്റ് അഥവാ പ്രതിഷേധക്കാർ! എന്നാൽ ഇന്ന് പ്രതിഷേധം മറന്നവരാണ് ഈ വിഭാഗം. നവീകരണ നേതാക്കൾ തെറ്റ് എന്നും വചന വിരുദ്ധമെന്നും കാട്ടി തള്ളിക്കളഞ്ഞതെല്ലാം പുത്തൻ രൂപഭാവങ്ങളിൽ വർദ്ധിത വീര്യത്തോടെ പുനരവതരിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ക്രൈസ്തവ സഭകൾ ഇന്നു തികച്ചും കടുത്ത പ്രതിസന്ധികളിലാണ്. സ്വത്വപ്രതിസന്ധിയാണ് സഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. സഭയുടെ ഉപദേശനില, ധാർമികതലം, നേതൃത്വം, ഭരണരംഗങ്ങൾ, ദേശീയസാമൂഹ്യ ബന്ധങ്ങൾ, ശുശ്രൂഷാതലങ്ങൾ, സ്ഥാപന സംരക്ഷണം ഇവിടെ യെല്ലാം നമ്മുടെ ഊഹശേഷിക്കും അപ്പുറമാണ് ജീർണ്ണതകൾ. സമകാലീന ക്രൈസ്തവ സമുഹത്തെ എങ്ങനെ കാണണം, ഭീതിയോടെയോ അതോ കടുത്ത പുച്ഛത്തോടെയോ? വചനം മറന്ന സമൂഹം, ശുശ്രൂഷ അവഗണിച്ച സമൂഹം, കെട്ട സാക്ഷ്യം പകരുന്ന സമൂഹം, പണാധിപ ത്യത്തിലമർന്ന സമൂഹം, വേർതിരിവുകളുടെ സമൂഹം, ജനകീയ മുഖം നഷ്ടപ്പെട്ട സമൂഹം, നീ തിരഹിത സമൂഹം, ഭക്തി വ്യവസായ സമൂഹം, മത ഉന്മാദസമൂഹം, അനുകരണ സമൂഹം. വർത്തമാന കാലസഭയുടെ മുഖങ്ങളായി ചൂണ്ടിക്കാട്ടുന്ന വകളിൽ ചിലത് മാത്രമാണിത്. ഓരോന്നിനും വിശദീകരണങ്ങൾ ആവശ്യമായവകൾ. എങ്കിലും നമുക്കതിന് സമയം പോര. കാലത്തിനു മുമ്പേ പോകാനും കാലത്തെ തന്നെ മാറ്റാനും കഴിഞ്ഞ സഭാസമൂഹം ഇന്നു പല കാര്യങ്ങളിലും തോറ്റു കൊണ്ടിരിക്കുന്നു. നവീകരണനായകന്മാർ എന്തെ ല്ലാം കാര്യങ്ങൾക്കായ് പൊരുതിയോ അതിന്നും പരിഹാരമില്ലാതെ തുടരുന്നു.

> നവീകരണ നേതാക്കൾ തെറ്റ് എന്നും വചന വിരുദ്ധമെന്നും കാട്ടി തള്ളിക്കളഞ്ഞതെല്ലാം പുത്തൻ രൂപഭാവങ്ങളിൽ വർദ്ധിത വീര്യത്തോടെ പുനരവത രിപ്പിച്ചു കൊണ്ടേയിരിക്കുന്നു

സഭയുടെ സത്ത 'സുവിശേഷമായ' ക്രിസ്തുവാണ്. സുവിശേഷം എന്നാൽ നല്ല വാർത്ത. പാപഭീതിയാൽ തകർന്ന മനുഷ്യർക്ക് അഭയമായി കൃപാലുവായ ദൈവമുണ്ട് എന്ന തിരിച്ചറിവാണ് സുവിശേഷം. ഈ സുവിശേഷം ആയിത്തീരു കയാണ് സഭാ ദൗത്യം. അപരന്റെ ആവശ്യങ്ങളിൽ അവൻ ആഗ്രഹിക്കുന്ന രൂപമെടുക്കുമ്പോൾ മാത്രമാണ് സഭ സുവിശേഷമായിത്തീരുന്നത്. നിർണായക നിമിഷങ്ങളിൽ സഭ ഒരു നല്ല വാർത്തയേ ആകുന്നില്ല എന്നത് വർത്തമാന കാല ദുരന്തം. ഒത്തിരി അശുഭവവാർത്തകളിൽ കുരുങ്ങി ക്കിടക്കുന്ന ഈ ആൾക്കൂട്ടത്തെ സുവിശേഷസഭ എന്ന് വിളിക്കുന്ന തെങ്ങനെ?

വചനത്തിന്റെ തെളിവാർന്ന സ്വരം തീരെ നേർത്ത് ഇല്ലാതെയാകുന്നു. ഇന്ന് വചനഘോഷണം വളരെയേറെ വർധിച്ചിരിക്കുന്നു. പക്ഷേ ജീവിത നവീകരണത്തിനുള്ള പ്രാപ്തി വചന കേൾവി സാധ്യമാക്കുന്നില്ല. പ്രതിലോമ ശക്തികൾ (അകത്തു തന്നെയുള്ള) വചനാഭിവൃത്തിയെ തടസ്സപ്പെടുത്തി കൊണ്ടേയിരിക്കുന്നു. വചനം പ്രഘോഷിക്കാൻ മാത്രമുള്ളതല്ല പ്രമാണിക്കാനും കൂടെയുള്ളതാണ് എന്നു നാം മറന്നു പോയി. ആലയ ചുമരുകൾക്കും കൺവെൻഷൻ പന്തലുകൾ ക്കും അപ്പുറം വചനദീപ്തി പടരുന്നില്ല. വചന സാധനങ്ങൾ വിളവെടുപ്പിന്റെ കണക്കിൽ പരാജയപ്പെടുന്നു. തുറന്ന വേദപുസ്തകം നമുക്കിന്ന് അൾത്താരയിലെ ഒരു അലങ്കാര വസ്തു മാത്രം. പുൾപ്പിറ്റുകൾ വിതരണം ചെയ്യുന്നത് വേദപുസ്തക ഭാഷയിലെ സ്വകീയ ജല്പനങ്ങൾ, വചനമെന്ന സമീകൃത ആഹാരത്തിനു പകരം ജനം വാളവര കൊണ്ട് തൃപ്തരാകേണ്ടിവരുന്നു. മനം മടുപ്പിക്കുന്നതും കേട്ടുതഴമ്പിച്ചതുമായ കഥകളും ഫലിതങ്ങളും ജനത്തെ മടുപ്പിക്കുന്നു. പ്രസംഗ മേടകൾ കഥാപ്രസംഗ വേദികളാകുന്നു. ഉപദേശ നിഷ്ഠയില്ലാത്ത ഏവർക്കുമായി അതു തുറന്നിട്ടിരിക്കുന്നു. സഭയുടെ പരമപ്രധാനമായ ലക്ഷ്യം വചനത്തിന്റെയും സാക്രമെന്റുകളുടെയും ശരിയായ ശുശ്രൂഷയാണ്. വചനാധിഷ്ഠിതമായ ആത്മീക

നിലപാടുകളും പെരുമാറ്റ ചട്ടങ്ങളും സ്വഭാവവു മാണ് സഭ അവലംബിക്കേണ്ടത്. അതിന് ചിട്ടയും സമഗ്രവുമായ തിരുവചന പഠനങ്ങളുണ്ടാകണം. വചന വ്യാഖ്യാന സാഹിത്യങ്ങളു ണ്ടാകണം. സ്ഥല സഭ തുടങ്ങി കൂട്ടായും ആഴമാർന്ന വചന പരിപോഷണ സംവി ധാനങ്ങളുണ്ടാകണം. വചന പഠനം എന്ന പേരു വിളിച്ചുകൊണ്ട് ഇന്ന് നടക്കുന്ന പല പരിപാടി കളിലും വചനവിരുദ്ധത പ്രകടമാണ്. വചനം മറക്കുന്ന സഭ അതിന്റെ അടിസ്ഥാനത്തെ തന്നെ തകർക്കുകയാണ്. ഇന്നു സംഭവിച്ചു കൊണ്ടിരിക്കുന്നതും മറ്റൊന്നല്ല. ആചാര മാലിന്യങ്ങൾ പെരുകുകയാണ് സഭകളിൽ, വചനവിരുദ്ധമായി, മത ഘടനകൾ പരിരക്ഷി ക്കാനുള്ള ആയുധങ്ങളായി, കൂട്ടിച്ചേർക്കപ്പെട്ട അശ്ലീല ആചാര ശാഠ്യങ്ങൾ അകറ്റിനിർത്താൻ ബോധപൂർവ്വമായ നീക്കങ്ങൾ ഉണ്ടാകണം.

സഭ, ശുശ്രൂഷയ്ക്ക് / സേവനത്തിന് വിളിച്ച് വേർതിരിച്ച സമൂഹമാണ്. സമയം കിട്ടുമ്പോൾ മാത്രം ചെയ്യേണ്ടുന്നതല്ല, മറിച്ച് സഭയുടെ അടിസ്ഥാന സ്വഭാവ ശൈലി സേവനത്തിന്റേതാണ്. സഭയിൽ എന്ത് സംഭവിച്ചാലും അത് ആരാധന യാകട്ടെ, നിർമ്മാണ പ്രവർത്തനങ്ങളാകട്ടെ, കൗൺസിലുകളാകട്ടെ, എളിയവരെ ആദരിക്കലാകട്ടെ, സ്ഥാപന നിർവഹ കണമാകട്ടെ, സാമൂഹ്യ ഇടപെടലുകളാകട്ടെ സകലവും ശുശ്രൂഷയുടെ വിവിധ മാനങ്ങളുടെ സാക്ഷ്യമാകണം. ലാഭമോ മാധ്യമ ശ്രദ്ധയോ ഒന്നും ആയിക്കൂടാ, ആധുനികതയുടെ അതിപ്രസരം സഭയെ വിഴുങ്ങി ക്കളയുന്നു. പുത്തൻ തന്ത്രങ്ങളിലൂടെ വിവിധതരം പണപ്പിരിവുകൾ, നിർമ്മാണ പ്രവൃത്തികൾ, ഉത്സവങ്ങൾ, ഭക്ഷണമേളകൾ, ഭാഗ്യവില്പനകൾ, വിനോദയാത്രകൾ ഇവയ്ക്കൊ ക്കെയാണ് ഇന്ന് പ്രഥമ പരിഗണനകൾ. മുന്നിലെ ത്താനുള്ള പരക്കം പാച്ചിലിനിടയിൽ അടിസ്ഥാന മായവ പലതും കൈവിട്ടു കളഞ്ഞു. ഉച്ചഭാഷിണി, പൂർണ്ണകായ ചിത്രങ്ങൾ, മാദ്ധ്യമ ശ്രദ്ധ ഇവയ്ക്കാണ് ഇന്ന് മാറ്റ്. ഉപരിപ്ലവത നമ്മുടെ ക്രൈസ്തവ സംസ്കാരത്തിന്റെ മുഖമുദ്രയായി മാറി. ഉള്ളുള്ള ആത്മീയതയ്ക്ക് ഉതകുന്ന ശുശ്രൂഷാ സമീപനങ്ങൾ ഇല്ല. ശുശ്രൂഷകൾ പ്രദർശന വസ്തുക്കൾ ആയിമാറി. ആചാരാനുഷ്ഠാനങ്ങളുടെ ആവർത്തികളായി ശുശ്രൂഷ ചുരുങ്ങി. ഉദ്ദിഷ്ഠകാര്യ സാധ്യ ത്തിനായുള്ള ചടങ്ങുകളും പ്രാർത്ഥനകളും യഥേഷ്ടം വർദ്ധിച്ചു. 'കെട്ടിട നിർമ്മാണം' എന്ന ഭ്രാന്തൻ സംസ്കാരം 'സഭ പണിയൽ' എന്ന നിലയിൽ എത്തി. സഭകൾക്കൊന്നും ഇന്നും വചനത്തിന്റെ വിനീത ദാസരായ ശുശ്രൂഷക്കാരെയല്ല നല്ല പിരിവ് വിദഗ്ധരെയാണ് താൽപര്യം. എന്തെല്ലാം പേരിലുള്ള പിരിവുകൾ വഴിയാണ് ജനങ്ങളെ പിഴിഞ്ഞെടുക്കുന്നത്?

'കാലം മാറി; നാം പ്രായോഗികമാകണം' ഇതാണ് തിന്മയുടെ ന്യായീകരണം. പിടിയരിയും മാസാന്ത്യ കാണിക്കയും കൊണ്ട് ഇനിയും എത്ര നാൾ പിടിച്ചു നിൽക്കും? ജനങ്ങളിൽ നിന്നും വിലപേശി പിടിച്ചു പറിക്കുന്നത് മാന്യതയായിത്തീർന്നു. ദൈവാനു ഗ്രഹങ്ങളെ കറൻസിക്ക് കൈമാറുന്ന മദ്ധ്യകാല ക്രൈസ്തവനയം പുത്തൻ രൂപത്തിൽ ഇന്നും ആവർത്തിക്കുന്നു. സഭയുടെ സ്ഥാപന വൽക്കരണ മാണ് മറ്റൊരു കടുത്ത അപകടം. നാം കാലാകാല ങ്ങളിൽ സമൂഹത്തിൽ നിന്നും കടമെടുത്ത ഘടനകളും ഭരണ രീതികളും തെരഞ്ഞെടുപ്പ് തന്ത്രങ്ങളും ഇന്നും വലിയ ഭാരമായിത്തീർന്നിരിക്കുന്നു. സഭയുടെ ഘടനാ സംരക്ഷണമാണ് സഭാശുശ്രൂഷ എന്ന നിലവരെ യെത്തി. അധികാരത്തിന്റെ മേൽ വസ്ത്ര മഴിച്ചുവച്ച് ശുശ്രൂഷയുടെ മാതൃക കാട്ടിത്തന്ന ക്രിസ്തുവിന്റെ മാതൃകയിൽ നിന്നും മോടിയേറിയ പുറം കുപ്പായത്തിന്റെ വിസ്മയങ്ങളിലേക്ക് എത്ര വേഗമാണ് സഭാശുശ്രൂഷ അപ്രത്യക്ഷമായത്!

> വചനാധിഷ്ഠിതമായ ആത്മീക നിലപാടുകളും പെരുമാറ്റച്ചട്ടങ്ങളും സ്വഭാവവുമാണ് സഭ അവലംബി ക്കേണ്ടത്. വചനം മറക്കുന്ന സഭ അതിന്റെ അടിസ്ഥാന ത്തെത്തന്നെ തകർക്കുകയാണ്.

സഭയുടെ ഉപദേശ പ്രതിസന്ധിയും അസ്ഥിരത യുമാണ് മറ്റൊരു പ്രശ്നം. മിശ്രിതവും അനുകരണ വുമാണ് ഈ മേഖലയിലെ കടുത്ത പ്രശ്നങ്ങൾ. മത ഉന്മാദമാണ് ആത്മീയത എന്നു നമ്മൾ തെറ്റിദ്ധരി ച്ചിരിക്കുന്നു. പള്ളികളിൽക്കയറി ചെകുത്താൻ വെളിച്ചപ്പാട് ഓതുകയാണ്. വിശ്വാസിയുടെയും ഭക്തന്റെയും വേഷവും ഭാഷയും, ഭോഷ്കിന്റെ പിതാവിന് നന്നായ് ഇണങ്ങും. ദൈവത്തെയും മാമോനെയും ഒരുമിച്ച് സേവിക്കാനുള്ള പ്രസംഗ മേടകൾ വഴി പഠിപ്പിച്ച് അവർ വിജയം ആഘോഷി ക്കുന്നു. ക്രിസ്തുവിന്റെ കൃപയുടെ സുവിശേഷത്തെ വ്യാഖ്യാനിച്ച് സങ്കീർണ്ണമാക്കി ചടങ്ങുകളുടെ മതമാക്കുന്നു. 'മോട്ടിവേഷൻ' അതാണ് ഇന്നത്തെ താക്കോൽ വാക്ക്. നീയൊരു വലിയ സംഭവമാണ് എന്നുണർത്തി താൻപോരിമയുടെ സകലതും സ്വായത്തമാക്കുക. വിശുദ്ധീകരണമാണ്, കർമ്മവഴി കളാണ് നീതികരണത്തിലേക്കുള്ള പാതയെന്നതാണ് പുത്തൻ സുവിശേഷം. സ്വയം മധ്യസ്ഥരായി എഴുന്നേൽക്കുന്ന ആൾദൈവങ്ങൾ സ്വർഗ്ഗരാജ്യ ത്തെ അധികാര പൂർവ്വം വിപണനം ചെയ്യുന്നു. തലതിരിഞ്ഞ ആത്മീയ ദർശനങ്ങൾ ദൈവത്തെ കുട്ടിച്ചാത്ത നേക്കാൾ ചെറുതാക്കുകയാണ്, സുവിശേഷ വിൽപ്പനക്കാർ. ഭക്തിവ്യവസായം തഴച്ചു വളരുന്നു. ക്രിസ്തീയ സാക്ഷ്യത്തെ ശവക്കുഴിയിലെറിഞ്ഞു കളയുന്ന

ആത്മീയ വ്യാപാരികൾ! കുറുക്കു വഴികളും പുത്തൻ മശിഹമാരും ഏറെ സുലഭം. സമൃദ്ധിയുടെയും മഹത്വത്തിന്റെയും സുവിശേഷങ്ങളാണ് ഏറ്റവും ആകർഷകമായ ദൂതുകൾ. തൊങ്ങലുകൾ കൂട്ടിത്തുന്നിയ ആത്മീയതയ്ക്ക് പ്രിയമേറുന്നു. ഇവിടെ ഇപ്പോൾ ഇത്രകൊടുത്താൽ അപ്പുറത്തു ചെല്ലുമ്പോൾ കിട്ടുന്നത് എത്ര ഇരട്ടി. ഇത് ഒരു തരത്തിലും ക്രൈസ്ത വമല്ല, നോട്ടിരട്ടിപ്പുകാരൻ്റെ തട്ടിപ്പു വേദാന്തമാണ്. ആത്മീയതയിൽ മായം ചേർക്കുന്നതാണ്, മറ്റേത് മായം ചേർക്കലിനെക്കാളും ദുഷ്കരം. ക്രൂശിനെ നിഷേധിക്കുന്ന ക്രൈസ്തവീകതയ്ക്കായി ക്രിസ്ത്യാനികളെ ക്ഷുദ്രം ചെയ്തു മയക്കിക്കളഞ്ഞു. ഇന്ന് സഭകളിൽ ഇത്തരക്കാർക്കാണ് പ്രിയവും പ്രചാരവും. ആത്മീയ വാണിഭം തുടരുന്നിടത്തോളം നിസംശയം പറയാം; സഭ നവീകരിക്കപ്പെട്ടിട്ടില്ല.

> ഇവിടെ ഇപ്പോൾ ഇത്രകൊടുത്താൽ അപ്പുറത്തു ചെല്ലുമ്പോൾ കിട്ടുന്നത് എത്ര ഇരട്ടി. ഇത് ഒരു തരത്തിലും ക്രൈസ്തവമല്ല,

വൈദികാധിപത്യവും പൗരോഹിത്യ ജീർണ്ണതയും ആണ് അന്ന് നവീകരണം അനുപേക്ഷണീയമാക്കിയ പ്രധാനഘടകങ്ങളിലൊന്ന്. പുത്തൻ രൂപത്തിൽ ആ പഴയ പാമ്പ് തിരിച്ചെത്തിയിരിക്കുന്നു. അന്ന് നവീകരണ നേതാക്കൾക്ക് എതിരിടേണ്ടി വന്നത് ഒരു പോപ്പിനെയാണ്. ഇന്ന് പോപ്പുമാർ ആണ് എവിടെയും. മറ്റെന്നത്തെക്കാളും ഇന്ന് ജനങ്ങൾ വൈദിക വിരോധികൾ ആയിത്തീർന്നു എങ്കിൽ നമുക്ക് അവരെ കുറ്റം പറയാ നാകുമോ? പകിട്ടാർന്ന തിരുവസ്ത്രങ്ങൾ പട്ടത്വ ഇടർച്ചകളുടെ നഗ്നതയെ മറക്കാനുള്ള ആവരണങ്ങളായി അധ:പതിക്കു ന്നുവോ? അതിപരിചയം കൊണ്ടും ശീലങ്ങളുടെ ആവർത്തനം കൊണ്ടും നിൽക്കുന്ന ഇടങ്ങളിലെ വിശുദ്ധി പട്ടക്കാർ വിസ്മരിച്ചുകളയുന്നു. പട്ടക്കാരുടെ ദുഷിപ്പുകൾ സഭയുടെ സ്വത്വത്തെയും അന്തസ്സിനെയും വല്ലാതെ മായ്ച്ചുകളയും. സാക്ഷ്യമാകാൻ പരാജയപ്പെടുന്ന ഓരോ ഇടവും ഇടർച്ചയ്ക്ക് കാരണമാകുന്നു എന്ന ചിന്ത നമ്മെ പൊള്ളിക്കണം. ഓർമ്മയുണ്ടോ? സ്വതവേ ശാന്തനായ യേശുവിന്റെ കഠിനമൊഴി; മറ്റുള്ളവർക്ക് ഇടർച്ച വരുത്തുന്നവന്റെ കഴുത്തിൽ വലിയൊരു തിരികല്ലു കെട്ടി ആഴക്കടലിലെറിയണം! നടുക്കത്തോടെയല്ലാതെ ഈ സ്വരം കേൾക്കാൻ നാം ശീലിച്ചുകഴിഞ്ഞു എന്നതു അപകടത്തിന്റെ ആഴം വെളിപ്പെടുത്തുന്നു. പട്ടക്കാർ തങ്ങളുടെ സാക്ഷ്യവും മാന്യതയും കൈവിടുമ്പോൾ സഭ നാശത്തിലേക്ക് കൂപ്പുകുത്തും. അതാണ് ചരിത്രം. പട്ടത്വവിശുദ്ധി നവീകരണ സഭയുടെ ശോഭയുള്ള മുഖമാണ്. ദൈവിക കൃപയിലും വിശ്വാസത്തിലും അധിഷ്ഠിതമായ ഒരു സുവിശേഷ ശുശ്രൂഷയുടെ ഹൃദ്യമായ മുഖം പട്ടക്കാരിൽ പ്രകടമാകണം. അവരുടെ ചെറിയ വീഴ്ചകൾ പോലും സഭയുടെ പ്രകാശത്തിന് കടുത്ത മങ്ങലേൽപ്പിക്കും. സഭയെ അത് സഭയല്ലാതാക്കും. ചേരിതിരിഞ്ഞു നിൽ ക്കാനല്ല ചേർന്ന് നിൽക്കാനാണ് പട്ടക്കാർ തങ്ങളെത്തന്നെ നിർവചിക്കേണ്ടത്. പട വെട്ടിയതും പക പോക്കിയതും പ്രതികാരം ചെയ്തു രസിച്ചതും എല്ലാം വ്യർത്ഥമായിരുന്നു എന്നു വൈകി വിവേകം കിട്ടിയിട്ട് എന്ത് ഫലം? കെട്ട സാക്ഷ്യങ്ങളിൽ നിന്നും അഭിഷിക്തൻ നവീകരിക്കപ്പെട്ടില്ലെങ്കിൽ സഭയുടെ തേജസ്സ് അറ്റ് ജീർണ്ണിക്കും. കുപ്പായ തൊഴിലാളികൾ എന്ന പേരുദോഷം മാറ്റിയെടു ക്കാൻ ഇനിയും വൈകിക്കൂടാ. നവീകരണത്തിന് കാതോർക്കുന്ന സഭയ്ക്ക് അതിലെ വൈദികരുടെ ജീവിത നവീകരണം സാധ്യമാക്കിയേ മതിയാകൂ. ആഴത്തിൽ വേരിറങ്ങിപ്പോയ ഈ വൈകൃതത്തിന് ത്വക് മാത്രസ്പർശിയായ ചില തട്ടിക്കൂട്ടൽ ചികിത്സകൾ കൊണ്ടൊന്നും വേണ്ടത്ര ഫല പ്രാപ്തിയുണ്ടാകില്ല.

നവീകരണ സഭയുടെ ഭരണ നേതൃത്വ ത്തിലും വചന ശോഭ തെളിഞ്ഞു നിൽക്കണം. വചന ദീപ്തി കൊളുത്തിയെടുക്കാൻ പ്രാപ്തരായ വരായിരുന്നു നവീകരണ നേതൃത്വ രംഗത്തുണ്ടായിരുന്നവർ. ഇന്ന് അത് ഒരു അകന്ന യാഥാർത്ഥ്യം എന്നതു ദുഃഖസത്യം. ശരിയായ സഭാ ബോധവും ശുശ്രൂഷാ താല്പര്യവും ഉള്ളവരാണ് സഭയുടെ നേതൃത്വ സ്ഥാനങ്ങളിൽ എത്തേണ്ടത്. ലോകത്തെ പോലും ലജ്ജിപ്പിക്കുന്ന ഭരണശൈലി ക്രിസ്തുവിന്റെ സഭയ്ക്ക് ചേർന്നതല്ല.

അധികാര വികേന്ദ്രീകരണം, ജനകേന്ദ്രീകൃതം ഇവ നവീകരണകാല സഭകളുടെ പ്രത്യേകത കളായിരുന്നു. സഭാ നേതൃത്വങ്ങളിൽ എത്തിപ്പെടു ന്നവർ സഭയുടെ ജനകീയ മുഖം കാത്തു സൂക്ഷിക്കണം. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടു എന്ന് വരുത്തിത്തീർക്കുന്ന ഏകാധിപതികൾ ആയിക്കൂടാ. 'ഭരണകൂട കഴുകന്മാർ' സൃഷ്ടിക്കുന്ന ഭീകരാന്തരീക്ഷം ഭയപ്പെടുത്തലിന്റെ രാഷ്ട്രീയം സഭയ്ക്കു ഭൂഷണമല്ല. അധികാരമല്ല ശുശ്രൂഷയാണ് അവരുടെ നിയോഗമാകേണ്ടത്. അനുസരിക്കാൻ മാത്രം ശീലമുള്ള ഒരുപറ്റം വിധേയത്വ പ്രതിമകളെ സൃഷ്ടിച്ചുകൊണ്ട് ഭരണം സുഗമമാക്കുന്നതല്ല ക്രിസ്തീയ രീതി. നിരീക്ഷണ ക്യാമറകളെ തോൽപ്പിക്കുന്ന ഒരു കൂട്ടം വിശ്വസ്ത ചാരന്മാരെ ഉപയോഗിച്ചുള്ള ഭരണം സഭാവിരുദ്ധ ഭരണമാണ്. അണികളെ വിഭജിച്ചും ഭയപ്പെടുത്തിയും കാലാവധി 'വിജയകരമായി' പൂർത്തിയാക്കുന്നവർ, സ്തുതി പാഠകരുടെ വാഴ്ത്തു പാട്ടുകളിൽ തിമിർത്താടുന്നവർ, ഇവരെ 'പരാജയം' എന്ന് കാലം അടയാളപ്പെടുത്തും.

അധികാര ശിങ്കിടികളും കൊട്ടാരം വിദൂഷകരും സഭയ്ക്ക് ഭൂഷണമല്ല. നിശബ്ദതയെ, മൗനത്തെ അലങ്കാരമാക്കി, മൂക ജീവികളായി പ്രതികരണശേഷി നഷ്ടപ്പെട്ടു സാധാരണ ജനം തുടരുന്നേടത്തോളം അധികാര ജീർണ്ണത സഭയുടെ അടിത്തറയിളക്കി ക്കൊണ്ടേ യിരിക്കും. പ്രശ്ന പരിഹാരികളുടെ വേഷം സ്വയം അണിഞ്ഞ് സഭയെ പുതിയ പ്രശ്നങ്ങളിൽ കുരുക്കി ഇടുന്നവരെയും തിരിച്ചറിയണം. താൽക്കാലിക വിക്രിയകളിലൂടെ അടിസ്ഥാന പ്രശ്നങ്ങളെ സ്ഥിരമായി നിലനിർത്തി 'നേതാക്കൾ' കളിയ്ക്കുന്ന വരുള്ളിടത്തോളം ഒരു സമൂഹവും സഭയും വളരില്ല. സഭയ്ക്കുപുറത്തുള്ളവർ സഭ എങ്ങനെയായിരി ക്കണം എന്ന് ഉപദേശിക്കേണ്ട ദുർഗതിയിലൂടെ കടന്നു പോകുമ്പോൾ നവീകരണ സമൂഹം എന്ന് നാം സ്വയം എങ്ങനെ വിളിക്കും?

> ക്രിസ്തുവും ക്രിസ്തീയതയും ക്രൈസ്തവ സമൂഹങ്ങളിൽ നിന്നും ഒരുവട്ടം കൂടി അന്യമാക്കുക യാണോ? ഇവിടെ എത്തിച്ചേരാൻ ആയിരുന്നോ സഭ ശരിക്കും യാത്ര ആരംഭിച്ചത്?

ആത്മവിമർശനം എന്ന നിലയിൽ നാം സ്വയം ചോദിക്കുന്നു, നവീകരണ സഭ എന്ന് വിളിക്കപ്പെടുവാൻ നമുക്കെന്ത് അടിസ്ഥാന യോഗ്യതയാണുള്ളത്? ദർശനം നഷ്ടപ്പെട്ട് ഇരുട്ടിൽ അലയുകയാണോ നാം? ക്രിസ്തുവും ക്രിസ്തീയ തയും ക്രൈസ്തവ സമൂഹങ്ങളിൽ നിന്നും ഒരുവട്ടം കൂടി അന്യമാക്കുകയാണോ? ഇന്ന് നാം സഭ എന്ന് വിളിക്കുന്നതാണോ ശരിക്കും ക്രിസതു ഉദ്ദേശിച്ച സഭ? ഇവിടെ എത്തിച്ചേരാൻ ആ യിരുന്നോ സഭ ശരിക്കും യാത്ര ആരംഭിച്ചത്? ക്രിസ്തുവിൽ നിന്നും ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്ക് ഇപ്പോഴുള്ള അകലം എത്രമാത്രം? ഈ നവീകരണ ഉത്സവ കാലത്തെങ്കിലും ഈ ചോദ്യങ്ങൾ ചോദിച്ചി ല്ലായെങ്കിൽ ഇനിയും നമുക്കെന്നാണ് അതിന് കഴിയുക!

നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ? ഇതു ഷണ്ഡനോട് മാത്രം ചോദിച്ച് അവസാനിപ്പിച്ചതല്ല. ഈ ഷണ്ഡവിശ്വാസം അവസാനിപ്പിക്കാറായില്ലേ എന്ന് നമ്മോടും ചോദിക്കുന്നു. നിരന്തരമായ കോടതി വ്യവഹാരങ്ങൾ, ഒരിക്കലും അവസാനിക്കാത്ത വിഭാഗീയതകൾ, ഗുരുതരമായ കാര്യ വിചാരകത്വവീഴ്ച, സഭയെ പുറകോട്ടടിക്കുന്ന പൗരോഹിത്യം നേതൃത്വ ജീർണ്ണതകൾ, വർത്തമാനകാലം നമ്മെ വെല്ലുവിളി ക്കുന്നു. ചോർ ന്നുകൊണ്ടിരിക്കുന്ന അംഗബലത്തിലോ മൂല്യ ച്യുതിയിലോ നമുക്ക് അല്പം പോലും ആശങ്കകളില്ല. സഭയിൽ സത്യാന്വേഷണങ്ങളില്ല. ഗൗരവതരമായ വചന പഠനങ്ങളില്ല. അവലോകന ങ്ങളോ സ്വയം വിമർശന ശബ്ദങ്ങളോ ഇല്ല. നമുക്ക് പ്രതികരണശേഷി നഷ്ടപ്പെട്ടിട്ട് കാലങ്ങളേറെയായി. ഇവിടെ ചോദ്യങ്ങൾ ചോദിക്കപ്പെടുന്നില്ല എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കണമെന്നില്ല. എങ്കിലും ഓർക്കുക; ചോദ്യങ്ങൾ, ചോദിക്കാനു ള്ളതാണ്. ചൂണ്ടുവിരൽ ചൂണ്ടാൻ ഉള്ളതാണ്. ചോദ്യങ്ങൾ ക്രമമാകാനുള്ള നിയമങ്ങളാണ്. ചോദ്യങ്ങൾ ചോദിക്കപ്പെടണം, ചോദിച്ചു കൊണ്ടേ ഇരിക്കണം, ഓർക്കുക സഭയുടെ ശത്രുക്കൾ സഭയ്ക്കു പുറത്തുള്ള വരല്ല, അകത്തു തന്നെയുള്ള ക്രിസ്തുനാമധാരികളാണ്.

ഇതിന്റെ തകർച്ചകൾ യാദൃശ്ചികമല്ല. വ്യാപകമാണ് അതിന്റെ വേരുകൾ ഇന്നലെകളിൽ സംഭവിച്ചതിന് നാം ഉത്തരവാദികളല്ല. പക്ഷേ ഇന്നും നാളെയും സഭ എങ്ങനെയായിരിക്കണം എന്നതിൽ തീർച്ചയായും നമുക്ക് ഉത്തരവാദിത്വ മുണ്ട്. കെട്ട സാക്ഷ്യങ്ങളിൽ തന്നെ തുടരുക, നല്ലവർ എന്ന ബോധ്യത്തിൽ മൗനം ഗർഭം ധരിച്ച വരായി തുടരുക, ഇത് ദൗത്യത്തോടുള്ള അനുസരണക്കേടാണ്, ഉത്തരവാദിത്വബോധം ഇല്ലായ്മയാണ്, അവിശ്വസ്തത യാണ്. ദുരന്തമുഖങ്ങളിൽ നിന്നും അനന്യസാധാരണ മായ സമൂഹങ്ങൾ ഉയർത്തെഴുന്നേൽക്കുന്നു. എന്നും നവീകരിച്ചു കൊണ്ടേയിരിക്കേണ്ടുന്ന സുവിശേഷ സമുഹമാണ് സഭ. സഭയുടെ അടിസ്ഥാന പാതയിൽ ത്തന്നെ മാറ്റത്തിന്റെ സുവിശേഷ സഹിതമായ കരുത്തുണ്ട്. ആന്തരിക പരിവർത്തനത്തിന് കരുത്തും പ്രാധാന്യവും നൽകുന്നതാണ് ക്രിസ്തീയ ദർശനം. ആന്തരിക നവീകരണം മൂർത്തരൂപം പ്രാപിക്കുമ്പോൾ ബാഹ്യതലങ്ങളിൽ അതിന് ഓളങ്ങൾ സൃഷ്ടിക്കാതെ വയ്യ. 'ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല' ഇത് ക്രിസ്തുവചനം. ഇത് കർത്താവിൻറെ സഭയാണ്. കർത്താവിന്റെ സഭയെ പണിയാനും തിരുത്താനും അവന് പ്രാപ്തിയുണ്ട്. അവൻ ശ്രേഷ്ഠ ശില്പിയാണ് നമ്മെ അതിന്റെ കൂട്ടുപണിക്കാരായി നിയോ ഗിച്ചിരിക്കുന്നു. ഒരു പുത്തൻ പുറപ്പാടിന് ക്ഷണിക്കുന്നു ദൈവം. നവീകരണ തീഷ്ണത മനസ്സിലുണർന്നാൽ എത്രകാലം നടന്നാലും തളരാത്ത പാദങ്ങൾ പരിശുദ്ധാത്മാവ് നൽകും. തനിക്കുവേണ്ടി ഇറങ്ങിത്തിരിച്ചവരെ തനിയെ വിടുന്നവനല്ല കർത്താവ്. എതിർ ദിശയിലേക്കുള്ള ഒരു നടത്തവും നമ്മെ ലക്ഷ്യത്തിലെത്തിക്കയില്ല എന്നറിയുക. 'തിരിച്ചുവരൂ' എന്ന ദൈവവിളിക്ക് അനുസരണയോടെ കാതോർക്കാം. നമ്മുടെ സഭകൾ ശരിക്കും സഭയാകട്ടെ.

(ലൂഥറൻ ദർശനം 2-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ചത്)

*

# ഞാൻ കണ്ട ക്രിസ്തുമസ്സ്, ഞാൻ കാണുന്ന ക്രിസ്തുമസ്സ്, ഞാൻ കാണാൻ ആഗ്രഹിയ്ക്കുന്ന ക്രിസ്തുമസ്സ്




Sheela Das
Bethel Lutheran Church,
Neyyattinkara.
Mob: 9497175676


**മുഖവുര**

ക്രിസ്തുമസ് - അതായത് യേശുക്രിസ്തുവിന്റെ ജന്മദിനം; ലോകനാഥനെ സന്തോഷത്തോടും സ്നേഹത്തോടും വരവേറ്റ ദിനം. ആഹ്ലാദത്തിന്റെ സുദിനം. സമാധാനത്തിന്റെ പ്രതീകം.

**ഞാൻ ഇന്നലെ കണ്ട ക്രിസ്തുമസ് :**

ക്രിസ്തുമസ്സ് എന്നു കേൾക്കുമ്പോൾ ത്തന്നെ പണ്ടുകാലങ്ങളിൽ വളരെ ഉത്സാഹമായിരുന്നു. എല്ലാവരും ഒത്തു ചേർന്നിരുന്ന ഒരു സുദിനം. അതിലുപരി രാത്രിയിലും പ്രഭാതത്തിലും പളളിയിൽ പോകാം. പണ്ടൊക്കെ ക്രിസ്തുമസ് രാത്രികൾ മഞ്ഞിൻ കുളിരണിഞ്ഞിരുന്നു. ആ തണുത്ത രാവിൽ നക്ഷത്ര വിളക്കുകളും കൊടി തോരണങ്ങളും കണ്ടും കൂട്ടുകാരോടു കൊച്ചു വർത്തമാനങ്ങൾ പറഞ്ഞും നടക്കാൻ എന്തു രസമായിരുന്നു.

**കരോൾ :** അന്ന് കരോൾ സംഘം വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു. യാത്രാ സൗകര്യങ്ങൾ കുറവായിരുന്നു. കൂടുതലും ദുർഘടം പിടിച്ച വഴികളായിരുന്നു. ചൂട്ട്, പെട്രോമാക്സ് ലൈറ്റ്, എവെറെഡി ടോർച്ച് ഇവ ആയിരുന്നു വഴി കാട്ടിയിരുന്നത്. വീടുകൾ അങ്ങും ഇങ്ങുമായി ഒറ്റപ്പെട്ടതായിരുന്നു. ചെറിയ തടിക്കഷണങ്ങളും ഗ്ലാസ്സ് പേപ്പറും ഉപയോഗിച്ചും അകത്ത് മെഴുകുതിരി കത്തിച്ചു വച്ചുമായിരുന്നു നക്ഷത്രം ഉണ്ടാക്കിയിരുന്നത്. ഇതു കാണാൻ നല്ല ഭംഗി ഉണ്ടായിരുന്നു. ഭാരക്കൂടുതൽ കാരണം ചുമക്കുന്നവർക്ക് ബുദ്ധിമുട്ടായിരുന്നു. എല്ലാ പ്രായത്തിലുളളവരും കരോൾ സംഘത്തിൽ ഉണ്ടാകും. ഒരുമ ഉണ്ടായിരുന്നു. കാപ്പി സൽക്കാരം ഏതാനും വീടുകളിൽ മാത്രമേ ഉണ്ടാകാറുളളൂ. എങ്കിലും ഒരു ഉത്സവ പ്രതീതി തന്നെയായിരുന്നു.

**അലങ്കാരം :** ഒരു വീട്ടിൽ ഒരു നക്ഷത്രം മാത്രമേ ഉണ്ടാകാറുളളൂ. അന്നത്തെ നക്ഷത്രങ്ങൾ പേപ്പർ, ഗ്ലാസ് പേപ്പർ ഇവ കൊണ്ട് ഉണ്ടാക്കിയതായിരുന്നു. അതിനകത്ത് ഒരു ബൾബ് ഇട്ട് പ്രകാശിപ്പിച്ചിരുന്നു. ചില വീടുകളിൽ പ്രകൃതി ദത്തമായ ട്രീകൾ, ചില്ലക്കൊമ്പുകൾ (ക്രിസ്മസ് ട്രീ) ഉണ്ടായിരുന്നു. ഇതിൽ കൊടിതോരണങ്ങൾ, ബലൂൺ, ക്രിസ്തുമസ്സ് കാർഡ് എന്നിവ ഉപയോഗിച്ചു അലങ്കരിച്ചിരുന്നു. മുറ്റത്ത് വാഴത്തടകൾ വെട്ടിവച്ചും അതിൽ കുരുത്തോലയും മെഴുകുതിരിയും വച്ചു അലങ്കരിയ്ക്കുമായിരുന്നു. വരാന്ത നിറയെ ചെറിയ മെഴുകുതിരികൾ കത്തിച്ചു വച്ചും ക്രിസ്തുമസ്സ് ദിനം മോടി പിടിപ്പിച്ചിരുന്നു. ദീപാലങ്കാരം നന്നേ കുറവായിരുന്നു. പുൽക്കൂട്, വൈക്കോൽ ഉപയോഗിച്ചായിരുന്നു നിർമ്മിച്ചിരുന്നത്.

**ക്രിസ്തുമസ്സ് കാർഡ് :** ക്രിസ്തുമസ്സിന് മുമ്പു കിട്ടുന്ന ക്രിസ്തുമസ്സ് കാർഡ് ഒരു അനുഭവം തന്നെ ആയിരുന്നു. പോസ്റ്റ്മാന്റെ കൈയ്യിൽ നിന്നും ആകാംക്ഷയോടെ വാങ്ങി സന്തോഷത്തോടെ പൊട്ടിച്ചു ഭദ്രമായി സൂക്ഷിച്ചു വയ്ക്കും. എത്ര കാർഡ് കിട്ടി എന്ന് എണ്ണി തിട്ടപ്പെടുത്താനും ഉത്സാഹമായിരുന്നു. അത് വർഷങ്ങളോളം സൂക്ഷിച്ചു വയ്ക്കുമായിരുന്നു. പല നിറത്തിലും പല രൂപത്തിലും ഉളള കാർഡുകൾ. സാധാരണ കാർഡു മുതൽ തുറക്കുമ്പോൾ ഇമ്പമായ ഗാനം കേൾക്കുന്ന കാർഡുകൾ വരെ ഉണ്ടായിരുന്നു. ബന്ധം ഉറപ്പിക്കുന്നതിനും, സ്നേഹം പുതുക്കുന്നതിനും ക്രിസ്തുമസ് കാർഡുകൾ ഒരു വലിയ പങ്കു വഹിച്ചിരുന്നു.

**പുതിയ വസ്ത്രം :** അന്ന് ക്രിസ്തുമസ്സ്, ഓണം, ജന്മനാൾ ഇങ്ങനെയുളള വിശേഷ ദിവസങ്ങളിലായിരുന്നു പുതിയ വസ്ത്രങ്ങൾ കിട്ടിയിരുന്നത്. അതിനാൽ ക്രിസ്മസ് കാലത്ത് പുതിയ വസ്ത്രത്തിനായി കാത്തിരിക്കുമായിരുന്നു.

**ഉല്പന്ന കാണിക്ക :** ക്രിസ്തുമസ് ഉല്പന്ന കാണിക്ക ഉണ്ടായിരുന്നു. വീടുകളിൽ നിന്നുളള ഉൽപന്നങ്ങളായിരുന്നു കൂടുതലായും കൊണ്ടു വന്നിരുന്നത്.

**ക്രിസ്തുമസ് ഫാദർ :** ക്രിസ്തുമസ് ഫാദറിനു പ്രാധാന്യം ഇല്ലായിരുന്നു. പാരമ്പര്യം മറഞ്ഞു കിടക്കുന്ന ക്രിസ്തുമസ് ഫാദർ. ക്രിസ്തുമസ്സിന് ഒരു അവശ്യ ഘടകമല്ല. ബൈബിൾ ഉപദേശത്തിനും, വിശ്വാസത്തിനും വിരുദ്ധവുമാണ്.

**പടക്കം :** ചെറിയ ഓലപ്പടക്കം മുതൽ കമ്പിത്തിരി, തറച്ചക്രം, കൊരയാപ്പ് തുടങ്ങി പലതരം പടക്കങ്ങൾ ഉണ്ടായിരുന്നു.

**കേക്ക് :** ക്രിസ്തുമസ്സ്കേക്ക് അപൂർവ്വമായിട്ടായിരുന്നു ഉണ്ടായിരുന്നത്. സാധാ പ്ലം കേക്ക് മാത്രം. പളളിയിൽ നിന്നും അന്ന് കേക്ക് വിതരണം ചെയ്തിരുന്നില്ല.

**ഭക്ഷണം :** നല്ല ചമ്പാവരി ചോറ്, പരിപ്പ്, പപ്പടം, പച്ചക്കറി കൂടാതെ നല്ല നാടൻ കോഴി വിറക് അടുപ്പിൽ കിടന്ന് സാവധാനം വെന്ത് കുറുകി മസാല ചേർത്ത് എടുക്കുന്നതിന്റെ ആ മണവും രുചിയും ചേർത്ത് ഇലയിൽ ഉച്ചഭക്ഷണം. അതിനുശേഷം നല്ല ചൂട് പ്രഥമൻ. ഓരോ വീട്ടിലേയും സ്പെഷ്യൽ ആഹാരം അയൽ വീടുകളിലും കൊടുത്തിരുന്നു. അങ്ങനെ സന്തോഷവും സംതൃപ്തവുമായ ക്രിസ്തുമസ്സുകളായിരുന്നു.

**ക്രിസ്തുമസ് സമ്മേളനം :** ക്രിസ്തുമസ്സിന്റെ അന്ന് ഉച്ചയ്ക്കു ശേഷം വിവിധ ക്രിസ്തീയ സഭകൾ ചേർന്ന് റാലി നടത്തി. ക്രിസ്തുമസ് സന്ദേശങ്ങൾ നൽകിയിരുന്നു. റാലിയ്ക്കു യൂണിഫോമുകൾ ഉണ്ടായിരുന്നില്ല.

**ഞാൻ ഇപ്പോൾ കാണുന്ന ക്രിസ്തുമസ്സ്**

ക്രിസ്തുമസ്സ് സന്തോഷ സുദിനം തന്നെയാണ് ഇന്നും. ഡിസംബർ ആകുമ്പോഴേ ക്രിസ്തുമസിനെ വരവേൽക്കാനുളള ഒരുക്കമായി. നല്ലൊരു ആഘോഷമായിത്തന്നെ ഇന്നും ക്രിസ്തുമസ്സ് കൊണ്ടാടുന്നു. പദയാത്രകൾ കുറവ്. മിക്കവരും സ്വന്ത വാഹനങ്ങളിലാണു പളളിയിൽ പോകുന്നത്. അതുകൊണ്ട് തന്നെ കൂട്ടുകാരുമായുളള സൗഹൃദം കുറഞ്ഞു വരുന്നു.

**കരോൾ :** ഇന്ന് കരോൾ വളരെ മെച്ചപ്പെട്ടു. ഗായക സംഘത്തിന് കരോക്കെ ഉളളതു കൊണ്ടു ഗാനങ്ങൾ മെച്ചപ്പെട്ടു. LED ലൈറ്റുകൾ ഉണ്ട്. അടുത്തടുത്തായി വീടുകൾ ഉണ്ട്. വഴികൾ മിക്കതും വിശാലമാണ്. കൂട്ടിനു ക്രിസ്തുമസ് ഫാദർ ഉണ്ട്. ചോക്കളേറ്റ്, ഡയറി, കലണ്ടർ തുടങ്ങിയവ ഗിഫ്റ്റായി നൽകുന്നു. കാപ്പി സൽക്കാരം കൂടുതൽ വീടുകളിലും ഉണ്ട്.

**അലങ്കാരം :** ഒരു വീട്ടിൽത്തന്നെ ഒന്നിൽ കൂടുതൽ നക്ഷത്രങ്ങളും LED ലൈറ്റും ഉണ്ട്. ബലൂണും, ക്രിസ്തുമസ് ഫാദറിന്റെ രൂപം മറ്റ് അലങ്കാര വസ്തുക്കൾ ഇവ ഉപയോ

ഗിച്ചു ക്രിസ്തുമസ്സ് ട്രീ അലങ്കരിക്കുന്നു. പുൽക്കൂട് കുറച്ചു കൂടി മെച്ചപ്പെട്ടു. LED ലൈറ്റുകൾ ഉപയോഗിച്ചു പ്രകാശിതമാക്കുന്നു.

**ക്രിസ്തുമസ് കാർഡ് :** കാർഡിന്റെ സ്ഥാനം നിലച്ചു. സൂക്ഷിച്ചു വയ്ക്കാൻപോലും ഒന്നും ഇല്ല. ഇന്ന് സ്മാർട്ട് ഫോണുകൾ ഇവ കൈയ്യടക്കി. എല്ലാവർക്കും ഒരു ടച്ചിൽ തന്നെ സന്ദേശങ്ങൾ, ഫോട്ടോകൾ, വീഡിയോകൾ ഇവ കൈമാറാൻ സാധിയ്ക്കുന്നു. ക്രിസ്തുമസ് കാർഡ് ഓർമ്മിയ്ക്കാൻ സാധിയ്ക്കുന്ന ഒന്നായിരുന്നെങ്കിൽ സ്മാർട്ട് ഫോൺ ഇവയൊക്കെ സെക്കന്റുകൾക്കുള്ളിൽ മറ്റൊരാൾക്ക് എത്തുന്നു.

**പുതിയ വസ്ത്രം :** ഇന്ന് മിക്ക വീടുകളിലും പുതു വസ്ത്രത്തിനു ഒരു കുറവും ഇല്ല. മാസന്തോറും വസ്ത്രങ്ങൾ വാങ്ങുന്ന വീടുകളും ഉണ്ട്. എങ്കിലും ക്രിസ്തുമസ്സിനു കിട്ടുന്ന ഡ്രസ്സിനു ഇത്തിരി ഇഷ്ടം കൂടുതൽ തന്നെ. ചുവപ്പ്, വെള്ള ഡ്രസ്സിന്റെ കോമ്പിനേഷനാണ് മുൻതൂക്കം.

**റാലി :** ഇന്നും റാലിയുണ്ട്. പണ്ടത്തെക്കാൾ വർണ്ണശബളമാണ്. അലങ്കരിച്ച ലോറിയുണ്ട്. യൂണിഫോമിൽ ബാൻഡ് മേളം ഉണ്ട്. മാലാഖ കുഞ്ഞുങ്ങൾ, ക്രിസ്തുമസ് ഫാദർ, യൂണിഫോമിലെത്തുന്ന സഭാജനങ്ങൾ. റാലി തന്നെ മത്സരമാണ്. അതുകൊണ്ടു തന്നെ ഒന്നിനൊന്ന് മെച്ചപ്പെടുത്താൻ ഓരോ സഭക്കാരും മത്സരിയ്ക്കുന്നു. കാണാനും മനോഹരമാണ്. ഇവിടെ മറ്റുള്ളവരെ തോല്പിക്കുക എന്ന ഒറ്റ ലക്ഷ്യമേ ഉള്ളൂ.

**ക്രിസ്തുമസ്സ് ഫാദർ :** ക്രിസ്തുമസ്സ് ഫാദറിനു അമിത പ്രാധാന്യം നൽകുന്നതായി കാണുന്നു. കൂടാതെ ഇന്ന് ചിലരെങ്കിലും ക്രിസ്തുമസ്സ്, റിസോർട്ടുകളിലും മാളുകളിലും ആഘോഷിയ്ക്കുന്നു.

**ഭക്ഷണം :** സദ്യയുടെ സ്ഥാനം ബിരിയാണി കയ്യടക്കി. പലതരം ഇറച്ചി. പ്രഥമന്റെ സ്ഥാനം ഐസ്ക്രീമിനു കിട്ടി. കേക്ക് പലതരം, പല നിറം, പല രുചി. എല്ലാം കൊണ്ടും അടിപൊളി. മിക്ക പള്ളികളിലും കേക്ക് സഭാ ജനങ്ങൾക്ക് നൽകുന്നു.

**നറുക്കെടുപ്പ് :** എല്ലാ പള്ളികളിലും നറുക്കെടുപ്പുകൾ ഉണ്ട്. കുഞ്ഞു സമ്മാനം മുതൽ സാമാന്യം നല്ല സമ്മാനങ്ങൾ വരെ ഉണ്ടാകും. കുട്ടികൾക്ക് നറുക്കെടുപ്പ് ഉത്സാഹം തന്നെ.

**ഉല്പന്ന കാണിക്ക :** ഉല്പന്ന കാണിക്ക ഇന്നും ഉണ്ട്. നല്ല രീതിയിൽ ഇപ്പോൾ മിക്ക പള്ളികളിലും 'ലേലം' നടക്കുന്നുണ്ട്. പണ്ട് നാടൻ വസ്തുക്കളാണ് കൂടുതലായി വന്നതെങ്കിൽ ഇന്ന് നാടൻ വസ്തുക്കൾക്ക് പ്രാധാന്യം കുറഞ്ഞു. എങ്കിലും പണമായിട്ട് ജനങ്ങൾ നൽകി സഹകരിയ്ക്കുന്നുണ്ട്.

**ക്രിസ്തുമസ്സ് ഫ്രണ്ട് :** സ്കൂൾ, കോളേജ്, ആഫീസുകൾ എന്നിവിടങ്ങളിൽ ക്രിസ്തുമസ് ഫ്രണ്ടിനെ തെരഞ്ഞെടുക്കുന്നു. സമ്മാനങ്ങൾ കൈമാറുന്നു. അതും സന്തോഷം തന്നെ.

**വൃദ്ധ സദനം, അനാഥാലയം :** ഇന്ന് വൃദ്ധ സദനത്തിലും അനാഥാലയങ്ങളിലും ക്രിസ്തുമസ് ആഘോഷിയ്ക്കുന്നു. അതൊരു നല്ല അനുഭവം തന്നെ. അവരും യേശു പൈതലിന്റെ ജനന ദിവസത്തെ അനുസ്മരിക്കുകയും സന്തോഷം പങ്കിടുകയും ചെയ്യട്ടെ.

**മദ്യം :** മദ്യത്തിനോടുള്ള ആസക്തിക്കു ഒരു കുറവും ഇല്ല. ഇന്ന് മദ്യപിക്കുന്നവരുടെ എണ്ണം കൂടി വരുകയാണ്. ആഘോഷങ്ങൾക്ക് ചിലർക്ക് മദ്യം കൂടിയേ തീരൂ എന്നു വന്നിരിക്കുന്നു.

**പടക്കം :** പണ്ടത്തേതുപോലെ ഇന്നും പടക്കം ധാരാളമായി പൊട്ടിയ്ക്കുന്നു. സമയ ക്രമത്തിൽ ചില നിയന്ത്രണങ്ങൾ ഉണ്ട്.

**ഞാൻ നാളെ കാണാൻ ആഗ്രഹിയ്ക്കുന്ന ക്രിസ്തുമസ്**

**കരോൾ :** കരോൾ നിശ്ചയമായും വേണം. യുവാക്കളുടേയും മുതിർന്നവരുടേയും പങ്കാളിത്തം വേണം. യൂണിഫോമിലാണെങ്കിൽ വളരെ നല്ലത്.

**അലങ്കാരം :** അലങ്കാരം വേണം. പരിസ്ഥിതി സൗഹൃദമായിരിക്കണം.

**ക്രിസ്തുമസ് കാർഡ് :** കാർഡിന്റെ തിരിച്ചു വരവ് ആഗ്രഹിക്കുന്നു.

**പുതിയ വസ്ത്രം :** നാം പുതിയ വസ്ത്രങ്ങൾ വാങ്ങുമ്പോൾ നമ്മുടെ പള്ളിയിലും ചുറ്റുപാടും ഉള്ളവർക്ക് വാങ്ങാനുള്ള സാമ്പത്തികം ഇല്ലെങ്കിൽ അവർക്കും കൂടി കരുതുന്നത് നല്ലതായിരിക്കും.

**റാലി :** റാലി വേണം. സഭയായി എല്ലാവരും യൂണിഫോം ആണെങ്കിൽ ഏറ്റവും നല്ലത്. ബാൻഡ് മേളം, വാഹനം, മാലാഖമാർ, ക്രിസ്തുമസ് ഫാദർ തുടങ്ങി എല്ലാം വേണം. പങ്കെടുക്കാൻ പറ്റുന്ന എല്ലാ അംഗങ്ങളുടേയും പങ്കാളിത്തം വേണം.

**വൃദ്ധ സദനം, അനാഥാലയം :** ഡിസംബർ മാസത്തിലെ ഏതെങ്കിലും ഒരു ദിവസം ഒരു സഭയിൽ നിന്നും ഏതെങ്കിലും ഒരു വൃദ്ധ സദനമോ അനാഥാലയമോ സന്ദർശിയ്ക്കണം. ക്രിസ്തുമസ്സിനെ ക്കുറിച്ച് സന്ദേശം നൽകണം. അവർക്കായി പുതിയ വസ്ത്രം, കേക്ക്, ചെറിയ സമ്മാനങ്ങൾ കരുതണം. അവിടേയും ഒരു ട്രീ ഉണ്ടാകണം. സമ്മാനങ്ങൾ ട്രീയ്ക്കു ചുറ്റും വയ്ക്കണം. നറുക്കെടുപ്പ് ഫ്രീ ആയിരിക്കണം. ചെറിയ കളികൾ, പാട്ട്, ഡാൻസ്, ഇവ ആകാം. അവരേയും അതിൽ പങ്കാളികളാക്കാം. അവർക്ക് മറക്കാൻ പറ്റാത്ത ഒരനുഭവമാക്കി മാറ്റാം.

**ക്രിസ്തുമസ് ഫ്രണ്ട് :** ക്രിസ്തുമസ്സ് ഫ്രണ്ടിനെ തെരഞ്ഞെടുക്കുക. ഗിഫ്റ്റ് നൽകണം. ഇത് വേണമെന്നാണ് എന്റെ കാഴ്ചപ്പാട്.

**പടക്കം പൊട്ടിക്കൽ :** അന്തരീക്ഷത്തെ മലിനമാക്കുകയും ചെവിയ്ക്കു അസ്വസ്ഥത ഉണ്ടാക്കുന്നതുമായ പടക്കം കുറയ്ക്കുന്നതാണ് നല്ലത്. കണ്ണിനു ഇമ്പം നൽകുന്ന തറചക്രം, പൂത്തിരി തുടങ്ങിയവ മിതമായ രീതിയിൽ ഉപയോഗിക്കാം.

**കേക്ക് :** കേക്ക് നല്ലതു തന്നെ. അവരവരുടെ പ്രാപ്തി പോലെ കഴിയ്ക്കട്ടെ. എന്നാലും ക്രിസ്തുമസ് രാത്രിയിൽ പള്ളിയിൽ നിന്നും ഒരു കഷണം കേക്കും കട്ടനും നൽകണം. അതിന്റെ രുചി ഒന്നു വേറെ തന്നെ.

**മദ്യം :** മദ്യപാനം നല്ലതല്ല. ആരോഗ്യത്തിനു ഹാനികരമായതൊന്നും ഉപയോഗിയ്ക്കുന്നത് നല്ലതല്ല. മദ്യം ഒഴിവാക്കേണ്ടതാണ്.

**ഉല്പന്ന കാണിക്ക :** ഉല്പന്ന കാണിക്ക വേണം. എല്ലാവരുടേയും സഹകരണം വേണം.

**ഭക്ഷണം :** ക്രിസ്തുമസ് ദിനത്തിലെ പ്രഭാത ഭക്ഷണം എല്ലാവർക്കും പള്ളിയിൽ നിന്നും ആയാൽ നല്ലത്. എല്ലാവരും ഒരേ ഭക്ഷണം ഒത്തൊരുമയോടെ കഴിയ്ക്കുന്നത് നല്ല സന്തോഷം തന്നെ.

**ഉപസംഹാരം :**

ക്രിസ്തുമസ് ശാന്തിയുടെയും സമാധാനത്തിന്റേയും ആഘോഷമാണ്. മാനവരാശിയെ നാം ഒന്നായ് കാണണം. പിണക്കം, പക, വിദ്വേഷം, വെറുപ്പ് ഇവ പാടില്ല. ഓരോ ക്രിസ്തുമസ്സും പുതുക്കത്തിന്റെ പുതിയ അനുഭവമാണ്. ക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിൽ ഉൾക്കൊള്ളുന്നതാണ് യഥാർത്ഥ ക്രിസ്തുമസ്. ഓരോ ക്രിസ്തുമസ്സും പ്രത്യാശ നിറഞ്ഞതാകട്ടെ എന്ന് ആശംസിയ്ക്കുന്നു.

*

# കഴിഞ്ഞ ലക്കത്തിലെ ഒരു ലേഖനത്തെക്കുറിച്ചുള്ള അഭിപ്രായം



D. പാലയ്യൻ
കല്പാറപ്പൊറ്റ
ഫോൺ : 9605121896

ഉൾക്കാഴ്ചയുടെ കഴിഞ്ഞ ലക്കത്തിൽ Rev. J.H. പ്രമോദ് അവർകളുടെ ലേഖനത്തിൽ ലൂഥറൻ സഭ നവീകരണത്തിനായി കേഴുന്നതായി സൂചിപ്പിച്ചിരുന്നു. നമ്മുടെ സഭാ അന്തരീക്ഷങ്ങൾ വചനത്തിന് ഇടം ഇല്ലാത്ത അവസ്ഥയിൽ മാറിപ്പോയതാണ് അതിനു കാരണമെന്നും രേഖപ്പെടുത്തിയിരുന്നു. ഒരു നവീകരണം ലൂഥറൻ സഭയ്ക്ക് അത്യാവശ്യമായിരിക്കുന്നു എന്നു പറഞ്ഞു കൊണ്ടാണ് ലേഖനം അവസാനിപ്പിച്ചിരിക്കുന്നത്.

മാർട്ടിൻ ലൂഥറിൽ കൂടെ സ്ഥാപിതമായ നവീകരണ സഭയെ ഇത്രത്തോളം അപമാനിച്ചു കളഞ്ഞല്ലോ എന്നോർത്ത് ദു:ഖിച്ചിരിക്കുമ്പോഴാണ് അദ്ദേഹം വെളിപ്പെടുത്തിയ സത്യം, മൂന്നു വർഷം മുമ്പ് ബഹുമാനപ്പെട്ട സിനഡ് നേതൃത്വവും പഠിക്കുകയും അവർക്ക് ബോദ്ധ്യപ്പെട്ട കാര്യങ്ങൾ ഒരു സങ്കോചവും കൂടാതെ തുറന്ന് വെളിപ്പെടുത്തുകയും ചെയ്ത കാര്യം ഓർമ്മയിൽ വന്നത്.

2023-ൽ തിരുവനന്തപുരം സർക്കിൾ പ്രസിദ്ധീകരിച്ച - "മാർട്ടിൻ ലൂഥറുടെ ചെറിയ കറ്റേക്ഹിസ്മുസ് പാഠവിവരണം" എന്ന പുസ്തകത്തിന് (ഡോക്ടർ ജിയോ മെദ്ഗറിന്റെ പുസ്തകത്തിന്റെ പകർപ്പ്) സിനഡ് നേതൃത്വം എഴുതിയ ആശംസ ആരംഭിക്കുന്നത് ഇപ്രകാരമാണ് - "ഇൻഡ്യാ ഇവാഞ്ചലിക്കൽ ലൂഥറൻ സഭയ്ക്ക് ഒരു നൂറ്റാണ്ടിലേറെ നീണ്ട ചരിത്രം ഉണ്ടെങ്കിലും ലൂഥറൻ വിശ്വാസത്തെ പരിപോഷിപ്പിക്കുന്ന വിധത്തിലുള്ള സഹായഗ്രന്ഥങ്ങൾ വിരലിൽ എണ്ണാവുന്നതു മാത്രമേയുള്ളൂ. നമ്മുടെ പല പാസ്റ്റർമാരും അൽമേനിമാരും ഇതര സഭാ വിഭാഗങ്ങളുടെ പ്രഭാവലയത്തിൽ ആകർഷിതരായി ലൂഥറൻ സഭാ വിശ്വാസത്തെ മറന്ന് പല രീതിയിൽ വചന പഠനം നടത്തുന്നത് വേദനാജനകമാണ്. തന്മൂലം ലൂഥറൻ സഭയുടെ തനത് ദൈവശാസ്ത്ര വീക്ഷണത്തെ പലപ്പോഴും ബോധപൂർവ്വം അവഗണിക്കുന്നതായും കാണുന്നു".

ഈ ആശംസ വായിച്ചപ്പോഴാണ് Rev. J.H. പ്രമോദ് അവർകൾ പറഞ്ഞത് പുണ്യം തന്നെ എന്ന് തോന്നിയത്. ദൈവത്താൽ വിളിക്കയും നിയമിക്കയും ചെയ്യപ്പെട്ട ശുശ്രൂഷയിലായിരിക്കുന്ന നമ്മുടെ പാസ്റ്റർമാർ വചന വിരുദ്ധമായി ചെയ്തു കൊണ്ടിരിക്കുന്ന ഈ മഹാ അപരാധം നേരിട്ടു കണ്ട് ബോദ്ധ്യപ്പെട്ട് വളരെ വേദനയോടെ പരസ്യമായി വെളിപ്പെടുത്തിയ സിനഡ് നേതൃത്വം തങ്ങളുടെ ഉത്തരവാദിത്വത്തിലോ, പാസ്റ്റർമാരെ പരിശീലിപ്പിക്കുന്ന സെമിനാരി തലത്തിലോ ഈ മഹാ അപരാധത്തിന് പരിഹാരം കാണുവാൻ ശ്രമിക്കാത്തത് വിചിത്രമായി തോന്നുന്നു.

മുകളിൽ സൂചിപ്പിച്ചതുപോലെ നമ്മുടെ പാസ്റ്റർമാരിൽ ചിലരെങ്കിലും കർത്താവിന്റെയും കർത്താവിന്റെ അപ്പൊസ്ഥലന്മാരുടെയും മാർട്ടിൻ ലൂഥറിന്റെയും ഉപദേശങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള ദൈവശാസ്ത്ര വീക്ഷണത്തെ അവഗണിച്ചു കൊണ്ട് ഇതര സഭാവിഭാഗങ്ങളുടെ പ്രഭാവലയത്തിൽ ആകർഷിതരായി പല രീതിയിൽ വചന പഠനം നടത്തുവാൻ കാരണം എക്യൂമെനിസത്തിന്റെ അതിപ്രസരണം തന്നെയാണ്.

കർത്താവിന്റെ ഉപദേശങ്ങൾ കാലഹരണപ്പെട്ടു പോയതായി മനസ്സിലാക്കിയ പുതിയ അപ്പൊസ്ഥലന്മാർ മാർട്ടിൻ ലൂഥറിനു ശേഷം പുതിയ ഉപദേശങ്ങളും ആചാരങ്ങളും ലൂഥറൻ സഭയെ പഠിപ്പിച്ചു തുടങ്ങിയപ്പോൾ കർത്താവിന്റെ ഉപദേശങ്ങൾക്കു പോലും പുതിയ രൂപവും ഭാവവും സംഭവിച്ചു പോയി. അതിന്റെ അനന്തര ഫലമാണ് എക്യൂമെനിസം. കർത്താവിന്റെ ഉപദേശങ്ങൾക്കു എതിരായ വ്യാഖ്യാനങ്ങൾ കണ്ടുപിടിച്ച് പഠിപ്പിക്കുന്നവരെ 'കള്ള പ്രവാചകന്മാർ' എന്ന് കർത്താവ് വിശേഷിപ്പിച്ചതു പോലും ഇവർ മറന്നു പോയിരിക്കുന്നു.

വിദേശ മിഷണറിമാർ പഠിപ്പിച്ച ഉപദേശങ്ങൾക്ക് ഇന്നത്തെ സ്വദേശ മിഷണറിമാർ ഒരു വിലയും കല്പിക്കുന്നില്ല. ലൂഥറൻ വിശ്വാസികൾക്ക് പഠിക്കുവാനായി വിദേശ മിഷണറിമാർ തയ്യാറാക്കിയ അടിസ്ഥാന പാഠപുസ്തകങ്ങളിലൊന്നാണ് "ലൂഥറൻ സഭ എന്തു വിശ്വസിക്കുന്നു?" എന്ന പുസ്തകം. ഇത് എഴുതിയത് Rev.Dr.W. സ്നയ്ഡറും അദ്ദേഹത്തിന്റെ പുത്രനായ


Surya Fashion World
Urambu
FASHION
SALE
SHOP NOW
Surya Fashion
90'S
VIBE
FASHION
FASHION
FASHION
Mob : 9384731173







Rev. വാൾട്ടർ P. സ്നയ്ഡറും കൂടെയാണ്. 1968-ൽ പിതാവ് എഴുതിയ പുസ്തകത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ് അദ്ദേഹവും പുത്രനും ചേർന്ന് 1994-ൽ പുന: പ്രസിദ്ധീകരിച്ചു.

ഈ പാഠപുസ്തകം Rev. K. സ്തെഫാനോസ് സിനഡ് പ്രസിഡന്റായിരുന്നപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ പുസ്തകത്തിന്റെ 155-ാം പേജിൽ ഇപ്രകാരം ചേർത്തിരിക്കുന്നു. 'യൂറോപ്പിലെ ക്രൈസ്തവർ ഇന്ന് അധികമായി ദൈവനിന്ദയും നിരീശ്വര വാദവും നേരിട്ടു കൊണ്ടിരിക്കുന്നതിനാൽ ആരാധനാലയങ്ങൾ പലതും ശൂന്യമായിക്കിടക്കുന്നു. ദൈവശാസ്ത്രപരമായ വ്യത്യാസങ്ങൾക്കതീതമായി ക്രൈസ്തവ സഭകളെ ഒരുമിപ്പിക്കാനുള്ള എക്യുമെനിക്കൽ പ്രസ്ഥാനങ്ങളും അനന്തരഫലമാണ് ഇതിന് മുഖ്യ കാരണം".

തിരുവനന്തപുരം സർക്കിളിലെ തുണ്ടത്തിൽ സഭാങ്കണത്തിൽ ഒരു വൃക്ഷത്തെ നട്ടു കൊണ്ട് എക്യുമെനിസം ആഘോഷിച്ചവർ ഈ പുസ്തകം ഒന്നു വായിക്കുകയും സിനഡ് നേതൃത്വം വെളിപ്പെടുത്തിയ പ്രകാരം ഉള്ള തെറ്റായ വഴികളിൽ വിശ്വാസികൾ അകപ്പെട്ടു പോകാതെ സൂക്ഷിക്കേണ്ടതുമായിരുന്നു.

ദൈവത്താൽ വിളിക്കയും നിയമിക്കയും ചെയ്യപ്പെട്ടിരിക്കുന്ന ഇന്നത്തെ അപ്പൊസ്ഥലന്മാരിൽ കൂടെ ഇനിയെങ്കിലും ഇതു സാദ്ധ്യമാകുവാൻ പ്രാർത്ഥനയോടെ കാത്തിരിക്കാം......!

ലൂഥറൻ സഭ പഠിക്കുന്നതും പഠിപ്പിക്കുന്നതും ലൂഥറിന്റെ ഉപദേശങ്ങളാണെന്ന് നിസാരമായി കരുതുന്ന ലൂഥറൻ വിശ്വാസികളുണ്ട്. കർത്താവിന്റെ ഉപദേശങ്ങളെ പഠിപ്പിച്ച അപ്പൊസ്ഥലന്മാരുടെ ലേഖനങ്ങൾക്കും ഉപദേശങ്ങൾക്കും വിരുദ്ധമായി, കപട അപ്പൊസ്ഥലന്മാർ പഠിപ്പിച്ച കപട ഉപദേശങ്ങളെ എതിർക്കുകയാണ് ലൂഥർ ചെയ്തത്. ലൂഥറിന്റെ ഉപദേശം അപ്പൊസ്ഥലന്മാരുടെയും കർത്താവിന്റെയും ഉപദേശങ്ങളുടെ സംഗ്രഹം തന്നെയായിരുന്നു.

നവീകരണ വിശ്വാസികളിലും പല സഭാവിഭാഗങ്ങൾ രൂപം പ്രാപിച്ചിട്ടുള്ളതിനാൽ അവരിൽ നിന്നും തിരിച്ചറിയുവാൻ 'ലൂഥറൻ സഭ' എന്ന വിലാസം നമുക്ക് ആവശ്യമാണ്. എന്നാൽ നിഖ്യാ വിശ്വാസപ്രമാണ പ്രകാരം നമ്മൾ അറിയപ്പെടുന്നത് - ഏക വിശുദ്ധ ക്രിസ്തീയ അപ്പൊസ്ഥല സഭയുടെ അംഗങ്ങളായിട്ടു തന്നെയാണ്. നിഖ്യാ വിശ്വാസ പ്രമാണത്തിൽ ലൂഥറൻ വിശ്വാസികളായ നമ്മൾ അഭിമാനത്തോടെ അത് ഇപ്രകാരം ഏറ്റു പറയുകയും ചെയ്യുന്നു. 'ഏക വിശുദ്ധ ക്രിസ്തീയ അപ്പൊസ്ഥലിക്ക സഭ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു'. അതേ! ലൂഥറൻ വിശ്വാസികളുടെ സഭ, വിശുദ്ധ ക്രിസ്തീയ അപ്പൊസ്ഥലിക്ക സഭ തന്നെയാണ്. മാർട്ടിൻ ലൂഥർ 16-ാം നൂറ്റാണ്ടിലെ അപ്പൊസ്ഥലന്മാരിൽ പ്രധാനി തന്നെയാണ്.

*

## അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു

2024 - 2025 അദ്ധ്യയന വർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഉന്നത വിജയം കരസ്ഥമാക്കിയ ലൂഥറൻ ക്രൈസ്തവ സാംസ്കാരിക വേദി (എൽ.സി.എസ്സ്.വി) അംഗങ്ങൾ, ജീവിത പങ്കാളികൾ, മക്കൾ എന്നിവരെ 2026-ലെ വാർഷിക പൊതു യോഗത്തിൽ വച്ച് അനുമോദിച്ച് ആദരിക്കാൻ ആഗ്രഹിക്കുന്നു.

S.S.L.C, Higher Secondary Course - കളിൽ എല്ലാ വിഷയത്തിനും A+ നേടിയവർക്കും, Graduate, Post - Graduate Course കളിൽ Rank നേടിയവർക്കും Ph.D. ലഭിച്ചവർക്കും അപേക്ഷിക്കാം.

അപേക്ഷ, Bio-data, Certificate / Mark List ന്റെ പകർപ്പു സഹിതം 15.03.2026 നു മുമ്പ് എൽ.സി.എസ്സ്.വി. സെക്രട്ടറിയുടേയോ എക്സിക്യൂട്ടീവ് അംഗങ്ങളുടെയോ പക്കൽ ഏൽപ്പിക്കേണ്ടതാണ്.

**സെക്രട്ടറി**


Enjoy Your
Holidays
Thailand
Maldives
Andaman
Lakshadweep
+91 471 355 2833
+91 7510 505 105
info@savannaholidays.com
www.savannaholidays.com
Thirumala, Thiruvananthapuram, Kerala
Savanna Holidays
FLIGHT TICKETS | VISA | TOUR PACKAGES-DOMESTIC & INTERNATIONAL | FOREX | TRAVEL INSURANCE | CERTIFICATE ATTESTATION

ധ്യാന ചിന്ത

# ക്രിസ്തുമസ് ചിന്തകൾ

**➤ യേശുവിന്റെ ജനനം കാലസമ്പൂർണ്ണതയിൽ (ഗലാ.4:4)**

⇨ രക്ഷകനെ സ്വീകരിക്കാൻ ലോകം ഒരുങ്ങി.

⇨ റോമൻ ഭരണത്തിൻ കീഴിൽ പൊതു ദേശീയ ഭാഷയും, സംസ്കാരവും, ഗതാഗത സൗകര്യവും രൂപപ്പെട്ടു.

⇨ നാന്നൂറ് വർഷത്തെ ഇടവേളയ്ക്ക് ശേഷം - മലാഖി മുതൽ യോഹന്നാൻ സ്നാപകൻ വരെ - പ്രവചനങ്ങളും, അരുളപ്പാടുകളും, ദർശനങ്ങളും ഉണ്ടായി.

**➤ യേശു പാപികളുടെ രക്ഷകൻ.** (മത്താ.12:1-23; ലൂക്കൊ.1:30-32; യോഹ.3:16)

⇨ യേശുക്രിസ്തു ജനത്തെ പാപത്തിൽ നിന്നു രക്ഷിപ്പാൻ ദൈവം അഭിഷേകം ചെയ്തവൻ.

⇨ യേശു, ഇമ്മാനുവേൽ = ദൈവം നമ്മോടു കൂടെ (മത്താ.1:22; യെശ.7:14)

⇨ ഏതു കാരണങ്ങളാലും ഒറ്റപ്പെട്ടവർക്ക് - ഇമ്മാനുവേൽ

⇨ ഭർത്താവ് ഉപേക്ഷിച്ച ഭാര്യ, ഭാര്യ ഉപേക്ഷിച്ച ഭർത്താവ്, മാതാപിതാക്കൾ ഉപേക്ഷിച്ച മക്കൾ, മക്കൾ ഉപേക്ഷിച്ച മാതാപിതാക്കൾക്ക് - ഇമ്മാനു വേൽ

⇨ ഉപേക്ഷിക്കുന്നവർ ദൈവത്തിന്റെ കഠിന കോപത്തിനു പാത്രരാകും എന്നറിക.
മാനസാന്തരപ്പെടുക - തെറ്റ് തിരുത്തുക.

⇨ സുവിശേഷം നിമിത്തം നിന്ദ, പരിഹാസം, പീഡനം അനുഭവിക്കുന്നവർക്ക് - ഇമ്മാനുവേൽ (വെളി.1:9)

⇨ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ മറിയക്കു - ഇമ്മാനുവേൽ (മറിയ പരിഹാസവും, നിന്ദയും സഹിച്ചു)

⇨ യേശുവിൽ ദൈവസ്നേഹം വെളിപ്പെട്ടു. (1യോഹ.4:9)

⇨ സ്നേഹം, സ്വയം തിരസ്ക്കരണവും, നൊമ്പര അനുഭവങ്ങളും ആവശ്യപ്പെടുന്നു. (ഫിലി.2:4-9)

⇨ മനുഷ്യസ്നേഹം വ്യവസ്ഥകളോടു കൂടിയത്. എന്തു നേട്ടമുണ്ടാകും?

⇨ ദൈവസ്നേഹം വ്യവസ്ഥകളില്ലാത്തത്

⇨ തന്റെ ഏകജാതനായ പുത്രനെ നല്കി. യോഹ.3:16

⇨ യേശു പദവി വെടിഞ്ഞു = പരിഹാസം, നിന്ദ, പീഡനം, ക്രൂശു മരണം സഹിച്ചു.

⇨ ദൈവ മക്കൾ ദൈവ സ്നേഹം അനുഭവിച്ച് അതു വെളിപ്പെടുത്തണം.
(1 കൊരി.13-ാം അദ്ധ്യായം)

**➤ യേശുവിനാൽ വീണ്ടെടുക്കപ്പെട്ടവർ സമർപ്പണ ജീവിതം നയിക്കണം**

⇨ യേശു നമുക്ക് മാതൃക. പിതാവേ, ഞാൻ കുടിക്കാതെ നീങ്ങിക്കൂടാ എങ്കിൽ.......... എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ യാകട്ടെ (മത്തായി 1:39).

⇨ മറിയ 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം പോലെ എനിക്കു ഭവിക്കട്ടെ' (ലൂക്കൊ.1:38)

⇨ നമുക്കും യേശുവിന്റെ - മറിയയുടെ മാതൃക പിന്തുടരാം. എങ്കിൽ നിരാശ, ഭയം, ആശങ്ക, നഷ്ട ബോധം എന്നിവക്കു ജീവിതത്തിൽ സ്ഥാനമുണ്ടാകയില്ല.

**കന്യകാ ജനനത്തിന്റെ പ്രവചന പശ്ചാത്തലം**

ആദി മാതാപിതാക്കളുടെ പാപപരിഹാരമായിരുന്നു രക്ഷകന്റെ വാഗ്ദത്തം (ഉല്പ.3:16). ദാവീദിന്റെ സന്തതിയിൽ നിന്ന് രക്ഷകൻ ജനിക്കുമെന്നു കാലാകാലങ്ങളിൽ പ്രവാചകന്മാരിലൂടെ ദൈവം ഉറപ്പിച്ചു പോന്നു. യെശയ്യാ പ്രവാചകനിലൂടെ രക്ഷകന്റെ വ്യക്തമായ രൂപവും, അടയാളവും കൈ വന്നു (യെശ.7:14).

യഹൂദ രാജാവായ ആഹാസ്, ശത്രു രാജ്യങ്ങൾ യെരുശലേമിനെ ആക്രമിക്കാൻ ഒരുങ്ങുന്നു എന്നു കേട്ടപ്പോൾ, രാജാവും ജനങ്ങളും ഭ്രമിച്ചു വിറെച്ചു. ദൈവം യെശയ്യാ പ്രവാചകനിലൂടെ, 'ഭയ

പ്പെടേണ്ട, ഒന്നും സംഭവിക്കയില്ല' എന്ന് രാജാവിനെ ധൈര്യപ്പെടുത്തുന്നു. ഇതിനെ അവിശ്വസിച്ച രാജാവിനോടു, ഒരു അടയാളം ചോദിച്ചുകൊള്ളുവാൻ ആവശ്യപ്പെടുന്നു. അതും നിരസിച്ച രാജാവിനു ദൈവം നൽകിയ അടയാളമായിരുന്നു 'രക്ഷകന്റെ കന്യകാ ജനനം'. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കും. (യെശ.7:14). ആദി മാതാപിതാക്കളുടെ പാപത്തിനും - സകല മനുഷ്യരുടെയും - ആഹാസ് രാജാവ് ദൈവത്തെ അവിശ്വസിച്ചതിനുമുള്ള ശിക്ഷയുടെ അടയാളവുമായിരുന്നു യേശുവിന്റെ 'കന്യകാ ജനനം'.

**യേശു രക്ഷകൻ :**

ബെത്‌ലഹേം പുൽത്തൊട്ടിയിൽ പിറന്ന യേശു പൈതൽ, ഏവരുടേയും കൈക്ക് ഒതുങ്ങുന്നവനാണ്. ഹെരോദാവിന് യേശു പൈതലിനെ ഭയപ്പെടുത്തി ഓടിക്കാൻ കഴിഞ്ഞു. ഹെരോദാക്കന്മാർ ഇന്നും യേശുവിനെ ഭയപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. 'ക്രിസ്തീയ സമൂഹം' എന്നവകാശപ്പെടുന്നവർ, അവരോടു ചേർന്ന് യഥാർത്ഥ വിശ്വാസികളെ പീഡിപ്പിച്ച് ദു:ഖത്തിലാഴ്ത്തികൊണ്ടിരിക്കുന്നു. ക്രിസ്തുമസ് ആഘോഷത്തിലൂടെ യേശുവിനെ നിന്ദിക്കുകയും, പരിഹസിക്കുകയും ക്രൂശിലേറ്റുകയും ചെയ്തു കൊണ്ടിരിക്കുന്ന കഷ്ടവും, നഷ്ടവും, ക്ലേശവും ഇല്ലാതെ ഭൗതീക സുഖങ്ങൾ അനുഭവിക്കുക മാത്രമാണ് ഇവരുടെ ലക്ഷ്യം. യേശുവിന്റെ ജനന ലക്ഷ്യം ഇവർ മറന്നുകളഞ്ഞു.

**യേശു ന്യായാധിപതി :**

ഒന്നോർക്കുക! സാക്ഷാൽ ദൈവവും, സാക്ഷാൽ മനുഷ്യനുമായ യേശുക്രിസ്തു മനുഷ്യരുടെ കയ്യിൽ ഒതുങ്ങുന്നവനല്ല. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു (യോഹ.1:39), അറുക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാട് (വെളിപ്പാട് പുസ്തകം) എന്നിങ്ങനെ പരാമർശിക്കപ്പെട്ട യേശു, മനുഷ്യർക്കു വേണ്ടി ക്രൂശിൽ മരിച്ചവനും, ന്യായവിധിക്കായി വീണ്ടും വരുന്നവനുമാണ് എന്നീ രണ്ടു കാര്യങ്ങളും മുൻ നിർത്തിയായിരിക്കണം ക്രിസ്തുമസ് ആഘോഷം. എല്ലാറ്റിനുമുപരി എന്റെ പാപത്തിന്റെ പരിഹാരി ആണ് യേശുക്രിസ്തു എന്ന് ഓരോരുത്തരും ഓർത്തുകൊള്ളേണ്ടതാണ്.

✱

## ലൂഥറൻ ക്രൈസ്തവ സാംസ്കാരിക വേദി(LCSV)

## ഊരമ്പ് യൂണിറ്റ്

LCSV യുടെ ഊരമ്പ് യൂണിറ്റിന്റെ ഡ്രോയിംഗ് & പെയിന്റിംഗ് ക്ലാസ്സ് 30.11.2025 - ൽ LCSV സെക്രട്ടറി ഡോ: ബാബു കെ. നോബർട്ട് ഉദ്ഘാടനം ചെയ്ത് ക്ലാസ്സുകൾ ആരംഭിച്ചു. 86 വിദ്യാർത്ഥികൾ കോഴ്സ് പ്രയോജനപ്പെടുത്തുന്നുണ്ട്. ഊരമ്പ്, കല്പാറപ്പൊറ്റ എന്നീ രണ്ട് സെന്ററുകളിലായി നാല് ഡിവിഷനായി ക്ലാസ്സ് നടത്തി വരുന്നു. നാല് അദ്ധ്യാപകർ പരിശീലനം നൽകുന്നു. കമ്മിറ്റി അംഗങ്ങളുടെ മേൽനോട്ടത്തിലും സഹകരണത്തിലും ക്ലാസ്സുകൾ സുഗമമായി നടന്നു വരുന്നു.

സ്പോക്കൺ ഇംഗ്ലീഷ്, ഹിന്ദി, മലയാളം, തമിഴ് തുടങ്ങിയ വിഷയങ്ങളിൽ അവധിക്കാല ക്ലാസ്സുകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നു. ഊരമ്പ് കേന്ദ്രമായി നടത്തുന്ന ക്ലാസ്സുകളിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

ബന്ധപ്പെടേണ്ട നമ്പർ
**9744100375**

| **S.S. JOHNY** | **B.S. GEETHA** | **J. AJI** |
|---|---|---|
| *President* | *Secretary* | *Treasurer & Convenor* |

## നുറുങ്ങുകൾ

മക്കത്തായക്രമം അനുസരിച്ച് നമ്മുടെ നാട്ടിൽ പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കുമ്പോൾ മാതാപിതാക്കൾ നിശ്ചയിക്കുന്നതും വരന്റെ മാതാപിതാക്കൾ ആവശ്യപ്പെടുന്നതുമായ ധനം ഓഹരിയായി നല്കുന്നു. പിന്നീടവർക്ക് പിതൃസ്വത്തുക്കളിൽ അവകാശം നിലനില്ക്കുന്നില്ല. എന്നാൽ ഇപ്പോൾ അവകാശങ്ങളും ഓഹരികളും സ്ഥാപിച്ചു കിട്ടാൻ പല തന്ത്രങ്ങളും ഉപയോഗിച്ചു വരുന്നു. അതുപോലെ പെൺ മക്കളെ വിവാഹം കഴിച്ചയച്ചതിനു ശേഷം അവരിൽ നിന്ന് ജീവനാംശം നേടിയെടുക്കാൻ മാതാപിതാക്കളും ശ്രമിച്ചു തുടങ്ങിയിരിക്കുന്നു. ഇതു രണ്ടും ഉപേക്ഷിക്കപ്പെടേണ്ടതാണ്. ഇതു കുടുംബ ബന്ധങ്ങളെ ദുർബലപ്പെടുത്തുന്ന സമൂഹത്തിലെ 'പുഴുക്കുത്തു'കളാണ്. ഇതിന്റെ പേരിൽ കൊലപാതകങ്ങളും, ആത്മഹത്യകളും, കേരള സംസ്ഥാനത്ത് നിർബാധം തുടർന്നു കൊണ്ടിരിക്കുന്നു.

'ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമല്ലോ'

പഠിപ്പും പത്രാസും നോക്കി മക്കൾക്ക് വധൂവരന്മാരെ കണ്ടെത്തുന്ന മാതാപിതാക്കൾ മരുമക്കൾക്ക് സേവകരും, അവരുടെ ആജ്ഞാവർത്തികളുമായിത്തീരുന്ന ദുരവസ്ഥ നമ്മുടെ നാട്ടിൽ സർവ്വസാധാരണമാണ്. ഇവിടെ മക്കൾ നിസ്സഹായകരായിത്തീരുന്നു. ഇവിടെ 'കാലിനിണങ്ങിയ ചെരുപ്പേ' തെരെഞ്ഞെടുക്കാവൂ. മക്കളായാലും മരുമക്കളായാലും അവർ അമ്മായിയപ്പനും, അമ്മായിയമ്മയും ആയിത്തീരും എന്ന കാര്യം ഒരിക്കലും മറക്കരുത്.

സ്ത്രീ അമ്മയാണ്, സഹോദരിയാണ്, ഭാര്യയാണ്, മകളാണ്. എല്ലാവരിലും മികച്ചു നില്ക്കേണ്ടത് അമ്മ സ്നേഹമാണ്.

സ്ത്രീകൾ ഐക്യപ്പെടണം. കുടുംബ ബന്ധങ്ങൾ ദൃഢമാകാൻ ഏക മാർഗ്ഗം അവരാണ്.

*

## അനുശോചനം



ഇന്ത്യ ഇവാൻജലിക്കൽ ലൂഥറൻ സഭ, തിരുവനന്തപുരം സിനഡിലെ ലൂഥർഗിരി സർക്കിളിലുള്ള പൂവച്ചൽ ലൂഥറൻ സഭാംഗവും, ലൂഥറൻ സഭാശുശ്രൂഷകനുമായിരുന്ന Rev. P.D. ഗബ്രിയേൽ (87) വാർദ്ധക്യ സഹജമായ അസുഖം നിമിത്തം 12.01.2026-ൽ നിര്യാതനായി. ഭാര്യ - ശ്രീമതി. പിച്ചുമണി ഗബ്രിയേൽ, മക്കൾ - ശ്രീമതി. ഷൈനി മോൾ, റവ. ജിനോ ഷൈൻ, ശ്രീ. ഷിജിൻ. മരുമക്കൾ - ശ്രീ. ജയൻ ജോഷി, ശ്രീമതിമാർ നിഷാ ജോയി, അഖില.

പാസ്റ്ററുടെ വേർപാടിൽ ദു:ഖാർത്തരായ കുടുംബത്തിന്റെ ദു:ഖത്തിൽ ലൂഥറൻ ക്രൈസ്തവ സാംസ്കാരിക വേദി പങ്കു ചേരുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

---



തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കുന്നിയോട് വെട്ടുവിള വീട്ടിൽ കല്പാറപ്പൊറ്റ കാൽവരി ലൂഥറൻ സഭാംഗവും പരേതനായ ജോഷയുടെ ഭാര്യയും റവ. ജെ. വിജയന്റെ മാതാവുമായ ചെല്ലമ്മ (90) 19.01.2026-ൽ വാർദ്ധക്യസഹജമായ അസുഖം നിമിത്തം നിര്യാതയായി. മക്കൾ - ശ്രീ. റൈറ്റസ്, എലിസബത്ത് (Late), ശ്രീ. ശശി, റവ. വിജയൻ, ശ്രീമതി. ശോഭന, ശ്രീ. സുകുമാരൻ. മരുമക്കൾ - ശ്രീമതിമാർ അമ്മിണി, സുകന്യ, ജയ, ശ്രീ. ബഞ്ചമൻ.

പരേതയുടെ വേർപാടിൽ ദു:ഖാർത്തരായ കുടുംബത്തിന്റെ ദു:ഖത്തിൽ ലൂഥറൻ ക്രൈസ്തവ സാംസ്കാരിക വേദി പങ്കു ചേരുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

*Editorial Board*

# ////////// മരുന്നുകൾ ജീവനു ഭീഷണിയാകുമ്പോൾ... \\\\\\\\\\



Dr. Lal Prasanth ML
Principal
Dr. Moopen's College of
Pharmacy, Wayanad.

ആധുനിക വൈദ്യശാസ്ത്രം മനുഷ്യജീവിതത്തിന് ലഭിച്ച ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ്. ഒരു കാലത്തു മനുഷ്യനെ വരിഞ്ഞു മുറുക്കിയ പല അസുഖങ്ങൾക്ക് മുമ്പിലും നിസ്സഹായരായി നോക്കി നിന്ന മനുഷ്യ സമൂഹം, വൈദ്യശാസ്ത്രത്തിന്റെ പുരോഗതിയെ പ്രതീക്ഷയോടെ നോക്കിക്കാണുന്നു. പണ്ട് മരണശിക്ഷയായി വിധിക്കപ്പെട്ടിരുന്ന രോഗങ്ങൾ ഇപ്പോൾ നിയന്ത്രണത്തിലായി; ചിലത് പൂർണമായി മാറ്റാൻ കഴിയുന്ന അത്ഭുതങ്ങളായി ആധുനിക വൈദ്യശാസ്ത്രം വളർന്നിരിക്കുന്നു. മനുഷ്യന്റെ ബുദ്ധിയും ശാസ്ത്രവും കൈകോർത്തപ്പോൾ, അസുഖങ്ങളെ മാറ്റാൻ കഴിയുന്ന അത്ഭുതങ്ങൾ പിറവി കൊണ്ടു. വാക്സിനുകൾ മഹാമാരികളുടെ പടവുകൾ തടഞ്ഞു; ആയിരങ്ങൾക്കുമേൽ ജീവൻ കൊണ്ടുപോയ രോഗങ്ങൾ ചരിത്രത്തിന്റെ പേജുകളിലേക്ക് ഒതുങ്ങി. ആന്റിബയോട്ടിക്കുകൾ അദൃശ്യ ശത്രുക്കളായ ബാക്ടീരിയകളെ കീഴടക്കി, അത്യാധുനിക ശസ്ത്രക്രിയാ സാങ്കേതിക വിദ്യകൾ ഒരിക്കൽ ദൂരെയുള്ള സ്വപ്നങ്ങളായിരുന്ന ചികിത്സകളെ ഇന്നത്തെ യാഥാർത്ഥ്യങ്ങളാക്കി മാറ്റി. ഹൃദയങ്ങൾ വീണ്ടും താളം പിടിച്ചു; കണ്ണുകൾ കാഴ്ച തിരിച്ചു പിടിച്ചു; ശരീരങ്ങൾ വീണ്ടും ജീവിതത്തിന്റെ സംഗീതത്തിലേക്ക് മടങ്ങി. ഈ അത്ഭുതങ്ങളുടെ കൂട്ടായ്മ മനുഷ്യന്റെ ആയുസ്സിനെ നീട്ടി, ജീവിതത്തിന്റെ ഗുണമേന്മ ഉയർത്തി. വേദനയും നിസ്സഹായതയും നിറഞ്ഞ ദിവസങ്ങൾ പിന്നിലാക്കി, ആളുകൾ കൂടുതൽ വർഷങ്ങൾ കൂടുതൽ ആരോഗ്യത്തോടെ ജീവിക്കാൻ തുടങ്ങി.

എന്നാൽ ഈ അതുല്യമായ ശാസ്ത്രീയ പുരോഗതിയുടെ നിഴലിൽ ഒരു വേദനാജനകമായ വിരുദ്ധസത്യം മറഞ്ഞിരിക്കുന്നു. നമ്മെ രോഗങ്ങളുടെ കനൽക്കാടുകളിൽ നിന്ന് രക്ഷിച്ച് ജീവിതത്തിലേക്ക് തിരികെ കൊണ്ടു വരുന്ന അതേ മരുന്നുകൾ അശ്രദ്ധയോടെ ഉപയോഗിക്കുമ്പോൾ, മനുഷ്യനും പ്രകൃതിയും നേരിടുന്ന ഒരു നിശ്ശബ്ദമായ ശത്രുവായി മാറുന്നു. ഒരു കാലത്ത് ആശ്വാസമായിരുന്ന ഗുളികകൾ, ഇന്ന് തെറ്റായ വഴികളിലൂടെ ഒഴുകുമ്പോൾ, ഭൂമിയുടെയും ജീവന്റെയും ശ്വാസം മുട്ടിക്കുന്ന വിഷ വസ്തുക്കളായി മാറുന്നു. ഉപയോഗം കഴിഞ്ഞതോ കാലഹരണപ്പെട്ടതോ ആയ മരുന്നുകൾ, ഉപേക്ഷിക്കപ്പെട്ട സിറിഞ്ചുകൾ, ശൂന്യമായ ഇൻഫ്യൂഷൻ സെറ്റുകൾ, പൊട്ടിപ്പോയ കുപ്പികൾ, ബ്ലിസ്റ്റർ പാക്കുകൾ, ലാബുകളുടെ രാസ അവശിഷ്ടങ്ങൾ - ഇവയെല്ലാം ചേർന്നാണ് ഫാർമസ്യൂട്ടിക്കൽ മാലിന്യങ്ങൾ എന്ന ആധുനിക ലോകത്തിന്റെ മറഞ്ഞിരിക്കുന്ന മാലിന്യ പർവ്വതം രൂപപ്പെടുന്നത്. രോഗശമനത്തിനായി സൃഷ്ടിക്കപ്പെട്ട ഈ വസ്തുക്കൾ, ശരിയായ കൈകളിൽ നിന്നു തെറ്റിയാൽ, ഭൂമിയുടെ നെഞ്ചിലേയ്ക്ക് പതിക്കുന്ന വിഷമുളകളായി മാറുന്നു.

മലയാളികളുടെ മാലിന്യ സംസ്കരണ ശീലങ്ങൾ പലപ്പോഴും ശുചിത്വ ബോധത്തേക്കാളും ആരോഗ്യ ബോധത്തേക്കാളും സൗകര്യബോധത്തെ മുൻതൂക്കം കൊടുക്കുന്നതു കൊണ്ട്, നമ്മുടെ മനോഹരമായ നാടിനെ നാം തന്നെ മാലിന്യ കൂമ്പാരങ്ങളാക്കി മാറ്റുന്ന ഒരു ദൗർഭാഗ്യകരമായ പ്രവണത കൂടിക്കൊണ്ടിരിക്കുകയാണ്. ഇന്ന് പല വീടുകളിലും പഴകിയ മരുന്നുകൾ സാധാരണ മാലിന്യങ്ങളോടൊപ്പം കളയുകയോ, ടോയ്‌ലറ്റിലോ സിങ്കിലോ ഒഴിക്കുകയോ ചെയ്യുന്നത് സാധാരണമായി മാറിയിരിക്കുന്നു. എന്നാൽ നാം അങ്ങനെ ഒഴുക്കുന്ന മരുന്നുകൾ എവിടെയെത്തുന്നു എന്ന് നമ്മൾ പലപ്പോഴും ചിന്തിക്കാറില്ല. മലിനജല ശുദ്ധീകരണ പ്ലാന്റുകളിലൂടെ പോയാലും ഈ രാസവസ്തുക്കൾ പൂർണ്ണമായി നീക്കം ചെയ്യപ്പെടുന്നില്ല. പിന്നീട് അവ നദികളിലും കിണറുകളിലും കലർന്ന്, നമ്മുടെ കുടിവെള്ളത്തിലേക്കും കൃഷിയിലേക്കും മീനുകളിലേക്കും കടക്കുന്നു. അങ്ങനെ നമ്മൾ ഉപേക്ഷിച്ച

മരുന്നുകൾ തന്നെ മറ്റൊരു രൂപത്തിൽ വീണ്ടും നമ്മുടെ ശരീരത്തിലേക്ക് മടങ്ങി വരുന്നു. ഒരു നിശബ്ദ ചക്രവാളം പോലെ.

ഇത് സൃഷ്ടിക്കുന്ന ഭീഷണികൾ ചെറുതല്ല. കുടിവെള്ളം മലിനമാകുന്നു. ജലജീവികളും പക്ഷികളും മൃഗങ്ങളും വിഷബാധയ്ക്ക് ഇരയാകുന്നു. മനുഷ്യ ശരീരത്തിലെ ഹോർമോൺ സംവിധാനങ്ങൾ താളം തെറ്റുന്നു. ഏറ്റവും അപകടകരമായത്, ആന്റിബയോട്ടിക് അവശിഷ്ടങ്ങൾ പരിസ്ഥിതിയിലെ ബാക്ടീരിയകളെ കൂടുതൽ ശക്തമാക്കുന്നു. ഇതാണ് ആന്റിബയോട്ടിക് റെസിസ്റ്റൻസ് എന്ന ആഗോള ഭീഷണി. മരുന്നുകൾക്കെതിരെ പ്രതിരോധം നേടിയ ഇത്തരം സൂക്ഷ്മാണുക്കൾ കാരണം, ഇന്ന് ചെറിയതായി തോന്നുന്ന രോഗങ്ങൾ പോലും നാളെയിൽ ജീവന് ഭീഷണിയാകുന്ന കാലം വിദൂരമല്ല.

വീടുകളിൽ കിടക്കുന്ന പഴയ മരുന്നുകൾ കുട്ടികൾ അബദ്ധത്തിൽ കഴിക്കുകയോ, വളർത്തു മൃഗങ്ങൾ തിന്നുകയോ ചെയ്താൽ ഗുരുതരമായ വിഷബാധ ഉണ്ടാകാം. ഓരോ വർഷവും ലോകമെമ്പാടും ഇത്തരം അനവധി അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

ഈ സാഹചര്യം തടയാൻ ശാസ്ത്രീയമായ ഫാർമസ്യൂട്ടിക്കൽ മാലിന്യ നിയന്ത്രണം അനിവാര്യമാണ്. മരുന്ന് മാലിന്യങ്ങളെ സാധാരണ മാലിന്യം, ജീവവൈദ്യ മാലിന്യം, രാസമാലിന്യം, അപകടകരമായ മരുന്ന് മാലിന്യം എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളായി വേർതിരിച്ച് പ്രത്യേകം ശേഖരിച്ച് നശിപ്പിക്കണം. ഇൻസിനറേഷൻ, ഓട്ടോക്ലേവിംഗ്, രാസ നിഷ്ക്രിയീകരണം തുടങ്ങിയ ശാസ്ത്രീയ രീതികളാണ് ഇതിനായി ഉപയോഗിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ഫാർമസിസ്റ്റുകൾക്കും ആരോഗ്യ പ്രവർത്തകർക്കും വലിയ ഉത്തരവാദിത്തമുണ്ട്. മരുന്നുകൾ വിതരണം ചെയ്യുമ്പോൾ അവ ഉപയോഗശേഷം എങ്ങനെ നശിപ്പിക്കണം എന്നതിനെക്കുറിച്ച് രോഗികളെ ബോധവത്ക്കരിക്കേണ്ടതും, ആശുപത്രികളിലും ഫാർമസികളിലും മാലിന്യ നിർമാർജന ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതും അവരുടെ കടമയാണ്.

എന്നാൽ നിയമങ്ങളും സംവിധാനങ്ങളും മാത്രം പോരാ. ഈ പോരാട്ടത്തിൽ പൊതു ജനങ്ങളുടെ പങ്കാളിത്തമാണ് ഏറ്റവും നിർണായകം. ഓരോ വീട്ടിലും ശരിയായ മരുന്ന് നിർമാർജന ശീലം വളർത്തിയാൽ മാത്രമേ ഈ ഭീഷണിയെ ഫലപ്രദമായി നേരിടാനാവൂ. ഉപയോഗശേഷം ശേഷിക്കുന്ന മരുന്നുകൾ കുട്ടികളുടെ കൈവശം വയ്ക്കാതിരിക്കുക, അവ സുരക്ഷിതമായി സൂക്ഷിക്കുക, പിന്നീട് സമീപത്തെ ഫാർമസിയിലോ ആശുപത്രിയിലോ തിരികെ നൽകുക എന്നതാണ് ഏറ്റവും സുരക്ഷിതമായ മാർഗം. പല സ്ഥലങ്ങളിലും ഇന്ന് നിലവിലുള്ള Drug Take - Back സംവിധാനങ്ങൾ ഇതിന് വലിയ സഹായമാണ്.

അതോടൊപ്പം, ആവശ്യമുള്ള അളവിൽ മാത്രം മരുന്നുകൾ വാങ്ങുക, ഡോക്ടറുടെ നിർദ്ദേമില്ലാതെ മരുന്നുകൾ ശേഖരിക്കാതിരിക്കുക, ഉപയോഗം പൂർത്തിയാകാതെ മരുന്നുകൾ ഉപേക്ഷിക്കാതിരിക്കുക എന്നിവയും ഓരോ പൗരനും പാലിക്കേണ്ട ഉത്തരവാദിത്തങ്ങളാണ്. വീട്ടിലെ മാലിന്യങ്ങൾ വേർതിരിക്കുന്നതു പോലെ തന്നെ, മരുന്ന് മാലിന്യങ്ങളും പ്രത്യേകം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

നമ്മൾ ചെയ്യാവുന്ന ചെറിയ കാര്യങ്ങൾ വലിയ മാറ്റം സൃഷ്ടിക്കും. കാലഹരണപ്പെട്ട മരുന്നുകൾ വീട്ടിൽ സൂക്ഷിക്കാതിരിക്കുക; ടോയ്‌ലറ്റിലോ കിണറ്റിലോ മരുന്നുകൾ ഒഴിക്കാതിരിക്കുക; അവ പൊടിച്ച് മണ്ണിൽ കലക്കാതിരിക്കുക; സമീപത്തെ ഫാർമസിയിലോ ആശുപത്രിയിലോ തിരികെ നൽകുക. മരുന്നുകൾ ശരിയായി ഉപയോഗിക്കുന്നതു പോലെ തന്നെ, അവ ശരിയായി ഉപേക്ഷിക്കുന്നതും നമ്മുടെ സാമൂഹിക ഉത്തരവാദിത്തമാണ്. ഫാർമസ്യൂട്ടിക്കൽ മാലിന്യ നിർമാർജ്ജനത്തിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഒരു നിയമബാധ്യത മാത്രമല്ല - ഭാവി തലമുറകളോടുള്ള നമ്മുടെ കടമയാണ്. ഇന്ന് നാം കാണിക്കുന്ന ജാഗ്രതയാണ് നാളെയുടെ ശുദ്ധമായ വെള്ളവും ആരോഗ്യകരമായ ജീവിതവും ഉറപ്പാക്കുന്നത്.

'മരുന്നുകൾ ജീവൻ രക്ഷിക്കട്ടെ; അവ ഒരിക്കലും ജീവന് ഭീഷണിയാവാതിരിക്കട്ടെ'

✱

# His Image and Our Obligation

## (Mathew 22:15-22)

**Corrigendun**

A lot of errors were noticed in this article, published in the last issue of ulkkazhcha. So the corrected article is publishing in this issue. The errors caused is deeply regretted



**Rev. Dr. Joshua Siromony**
Former Principal
Concordia Theological Seminary,
Nagercoil

Of the 95 thesis Martin Luther nailed on the Wittenberg church door on the 31st October 1517, the first thesis states as follows : Our Lord and master Jesus Christ in saying, "repent and believe in the Gospel, wanted the entire life of believers to be a life of repentance". Yes, God grants repeated opportunities for all kinds of people to repent and be saved. Even when people in their crookedness and with evil intention approached Jesus and asked questions; questions with ulterior motives, we see Jesus always concerned about their welfare; loving them and giving them space and opportunities to repent and come back to God for their comfort and salvation.

The last days of Jesus earthly life in the city of Jerusalem was dominated by serious and heavy disputes with the leaders of His time. The disputations with the Pharisees and Sadducees are significant ones. On the synoptic gospels we read the following four disputations centered around four different questions : (1) the question of resurrection whereby the greatness and power of God is highlighted; (2) the question of great commandment whereby law of love is singled out and insisted; (3) the Christ question whereby the distinction between the 'Cosmic Christ' and 'Historic Jesus' are clarified; and (4) all the three disputations followed with the first question of Tribute to the Caesar, which is the text we analyze here.

In answering the question of tribute to the Caesar, Jesus invites them to come back to God and enjoy life in its fullness. Herodians were the followers of the Jewish King Herod Antipas. They showed themselves as the patriotic and nationalist leaders. Their intention was to make some political gain by finding false with other leaders. They are mentioned in three places as opponents or enemies of Jesus along with the Pharisees. (Mk. 3:6, 12:13, Matt 22:16). Here we see the Herodians joining with the Pharisees to trap and defeat Jesus. But it all ended with the memorable declaration of Jesus about a kings right and God's right.

The question the Pharisees put to Jesus was a deliberate trap. For them Jesus was an uneducated peasant and a carpenters' son. So they thought they could entangle Jesus easily in simple talk. They baited and sweetened their trap with creamy words of flattery. Master, they addressed politely. Though worthy to be praised for what all said here for His truthfulness and impartial love for all, yet they praised Him falsely, and finally brought out their problem. "Is it lawful to pay taxes to the emperor or not? It was about the payment of civil tax. This was a tricky and dangerous question to answer. They believed that whatever answer Jesus make would put Him in 'hot water'. If Jesus says 'yes', the loyal Jews who hate Roman rule would finish Him at once. If he says 'no', the mighty Rome will immediately charge Him and arrest Him as a rebel. If Jesus keeps silent, then His own followers will doubt whether He really is a prophet and master worthy to be followed or not..... But Jesus who could read the hearts and minds of all, asked them to show a coin, tribute

coin, the coin used to pay the taxes. When the coin was presented, Jesus helped them to find answer for their own question - pointing out the image or portrait and the inscription on the coin Jesus said, "give the emperor what belongs to the emperor". Jesus answer or demonstration indeed silenced them and they were all amazed, though He did not stop with that much.

This great saying of Jesus has suffered from strange interpretations in history. Some have founded on this saying a approval of the religious sanction or divine right of kings and rulers. Others argue that the state has no right over the truly religious people. Some other people treat Jesus answer as an evasion or escapism. But it is clear that Jesus did not give a cheap and one sided answer in the debate on politics and human kings right to rule. This great saying is not to divide the world into areas belonging to Caesar and to God, each with their respective and exclusive jurisdiction. Nor, did Jesus answer the question what belongs to the Caesar and what belongs to God. This, Jesus left to the personal decision of each individuals - who must solve the problem of the opposing claims of God and Caesar. The saying of Jesus here tells that no one can serve two masters. And moreover, Jesus purpose of this great saying is to set the political situation of any age, in the light of certain eternally and universally valid laws. In other words, Jesus concern is to provide the needed guiding principles, and not to give detailed instructions with all political and economic programmes.

The real question raised here is religious in nature. Could the people of God help maintain an alien or pagan power without proving disloyal to God and their religion. The zealots of Jesus time had a definite answer 'No'. But Jesus disagreed the zealots without accepting the position of the Herodians, their political agents. Jesus answer implies that there is no need to be a clash of loyalties. They can simply pay the coin minted in Rome to the Roman emperor; and at the same time paying a childs obedience to the 'Parent God' - the Heavenly Father. Privileges of citizenship certainly have corresponding obligations. Hence, Jesus has no approval for those who decline their civic duties.

At this juncture, Jesus thought go back to the great Biblical conception of the creation of humans. Gen. 1:27 tells that humans are made with the image of God. Caesar's image or portrait is on the Roman Silver coin Denarius; but God's image is on each and every human persons. Though blurred and defaced because of sin, the image of God is still there in all humans, women and men of all times. So, Jesus calls our attention nothing less than to the eternal fact that we all belong to God, because we have God's image in us, and because we are created in the image and likeness God. Thus Jesus brings all of us back to the question of personal surrender. We all belong to God, and our body, mind and soul; our affection, emotions and everything is stamped with the image and portrait of the Triune God. Just as a citizen is indebted to the emperor or ruler, each human person is indebted to God the creator. By balancing the thought and completing the answer to the question on tribute, Jesus added, 'give God what is due to God'. Thus Jesus calls all people on earth to repent and to come back to God from an alienated camp and fallen situation to a 'paradise regained situation'.

People are of different types; but all are sinners in their own way. Whether in the Church or outside, may be different in degrees, but all are equally God's image bearers and also sinners. All need to repent and surrender to God for forgiveness and new life. Let us humble ourselves and come close to Him through repentance and believing that in Jesus Christ we have new and fullness of life. May God help us to enjoy the fruits of a truly repented life. Amen.

*

# AWARENESS TO THE SOCIETY ABOUT SPECIALLY GIFTED CHILD



Lyn Stephni.W
Laverna
Parayadi

We are all blessed and loved by our creator to do his will in this new era there comes new words like inclusive adaptability and accomodation. These are related to independence of differently abled person.

Differently abled people often encounter social stegma stereotypes and discrimination. Access to quality education is essential for personal growth and socio-economic inclusion. However individuals with disabilities may be barriers in accessing education due to inadequate resources inaccessible facilities and limited support systems.

Persons with disabilities often encounter barriers in the job market. Creating inclusive environment involve removing physical and social barries universal design principles can be applied to ensure that spaces products and services are accessible and usable by individual with disabilities.

Equitable access to education specialized support and inclusive teaching methods are crucial for empowering individuals.

Promoting awareness and challenging social attitude towards disabilities is essential. A person in a wheel chair is not fully fledged member of society. Rather he is something that generates a sense of pity or fear.

The concept of freedom however has it's more fundamental origins in the appreciation of freedom in action of being involved in or experimenting something. This nation of involvement also exposes a need to think of freedom.

*

## ഭാഷാ പഠനത്തിനൊരു സുവർണ്ണാവസരം

ലൂഥറൻ ക്രൈസ്തവ സാംസ്കാരിക വേദി (LCSV) ഊരമ്പ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അവധിക്കാല (ഏപ്രിൽ, മേയ്) ഭാഷാ പഠന ക്ലാസ്സുകൾ ആരംഭിക്കുന്നു.

ഏതൊരു ഭാഷാ പഠനത്തിനും അടിസ്ഥാനം വ്യാകരണം (Grammer) ആണ്. ഇംഗ്ലീഷ്, ഹിന്ദി, മലയാളം, തമിഴ് ഭാഷകളിൽ പഠന സൗകര്യം ഒരുക്കുന്നു.

ലോകത്തിന്റെ ഏതു ഭാഗത്തും മലയാളി സാന്നിദ്ധ്യമുണ്ട്. അവിടെ എത്തിച്ചേരാൻ ഭാഷ ഒരു പ്രധാന ഘടകം തന്നെ. മലയാളം, തമിഴ് മക്കൾ മാതൃഭാഷ നന്നായി പഠിച്ചു തന്നെ വളരണം. കേരളം, തമിഴ്നാട് അതിർത്തി വിട്ടാൽ ഇംഗ്ലീഷും, ഹിന്ദിയും ആവശ്യ ഭാഷകളായിത്തീരുന്നു. C.B.S.E. വിദ്യാഭ്യാസം മൂലം മലയാള - തമിഴ് ഭാഷകൾ വിദ്യാർത്ഥികൾക്കു വിഷമകരമായിത്തീർന്നിരിക്കുന്നു. രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും പിരിമുറുക്കം ഇല്ലാതാക്കാൻ ലക്ഷ്യമിട്ടാണ് ഈ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. ഭാഷ നന്നായി പഠിപ്പിച്ച് സംസാരിക്കാൻ പരിശീലിപ്പിക്കുന്നു.

ഇതിന്റെ പ്രാരംഭമായി അവധിക്കാല ക്ലാസ്സുകൾ ഊരമ്പിലുള്ള LCSV ഓഫീസിൽ വച്ച് (ദിയാ ടവ്വർ, ഊരമ്പ് - തിട്ടക്കുടി റോഡ്). 10 വയസ്സിനു മുകളിലുള്ള ഏവർക്കും സ്വാഗതം.

പ്രഗൽഭരായ ഭാഷാദ്ധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

**Mobile No: 9745814848**

LCSV Urambu Unit

| | | |
|---|---|---|
| Johny .S.S | Aji .J | Geetha .B.S |
| President | Treasurer | Secretary |

# நான் ஐயர் ஆனது எப்படி?



**Rev. Dr. Joshua Siromony**
Former Principal
Concordia Theological Seminary,
Nagercoil

'ஐயர்' அல்லது 'நாட்டையர்' மற்றும் 'நாட்டேர்' என கிறிஸ்தவ சபை குருக்களை அழைப்பது தமிழ் நாட்டில், குறிப்பாக கிராமப்பகுதிகளில் வழக்கம். நான் 'ஐயர்' ஆனது எப்படி? எனும் கேள்விக்கு 1733-ம் ஆண்டு டிசம்பர் 28-ம் நாள் நிகழ்ச்சியில் தான்விடை கண்டேன்.

பிராமண இனத்தவர் ஒருவர் இந்துமத புரோஹிதராயிருந்தால் அவரை 'ஐயர்' என பெரும் மதிப்போடு அழைப்பது தமிழ் மக்கள் வழக்கம். (பிராமணரல்லாத இந்துமத புரோஹிதர்களைப் பொதுவாக 'பூசாரி' என்றே அழைப்பர்). மேற்கு நாடுகளிலிருந்து வந்த வெள்ளை நிறத் தோலுடைய கிறிஸ்தவ புரோஹிதர்களையும் 'ஐயர்' என்று அழைத்தனர். ஆனால், தவிட்டு நிறத்தோலுடைய பிராமணரல்லாத இந்தியர் ஒருவர், சபை ஒழுங்குபடி புரோஹிதரானால் அவரை எப்படி அழைப்பது? தொடக்கத்திலேயே பிராமண சாதியினர் கிறிஸ்தவ புரோஹிதர்களாயிருந்தால் இந்த கேள்வியே எழுந்திராது இல்லையா?

பர்த்தெலொமேயு சீகன்பால்கு எனும் லூத்தரன் மிஷனரி தமிழகத்து தரங்கம்பாடிக்கு வந்த 1706-ம் ஆண்டுதான் இந்தியாவில் புரொட்டஸ்டான்று சபை வரலாற்றின் தொடக்கம். தஞ்சை, தரங்கம்பாடியில் Dutch East India Company - யைச் சார்ந்த மேற்கத்திய கிறிஸ்தவர்கள் கூடி ஆராதிக்க சீயோன் சபை என்ற பெயரில் ஓர் தேவாலயம் தரங்கம்பாடியில் இருந்தது. இந்நிலையில், இயேசுவில் கிடைக்கும் பாவ மன்னிப்பையும் அழியா பெருவாழ்வையும் இந்திய மக்களுக்கு பக்குவமாக எடுத்துக்கூறி கிறிஸ்தவம் தழுவ ஊக்குவித்தார் சீகன் பால்கு ஐயர். அப்போது அங்கிருந்த ஐரோப்பிய கிறிஸ்தவ எஜமான்களிடம் அடிமைகளாயிருந்த ஐந்து இந்தியர்கள் ஞானஸ்நானம் ஏற்று கிறிஸ்தவம் தழுவினர். ஏற்கனவே இருந்த சீயோன் சபையில் தங்களுக்கு சரிசமமாக தங்களது அடிமைகளும் ஆராதனையில் கலந்து கொள்வதை அந்த எஜமான்கள் விரும்பவில்லை... எனவே, தேவையைப்பொறுத்து மூன்றே மாதத்தில் அங்கு கட்டி முடிக்கப்பட்டதுதான் புதிய எருசலேம் தேவாலயம்.

தரங்கம்பாடியைச் சுற்றியுள்ள கிராமங்களில் 'டேனிஷ் மிஷன்' என்ற பெயரில் திருச்சபை ஊழியம் விரிவுபடுத்தப்பட்டது. தரங்கம்பாடியை அடுத்த கடலூர், வேதாரண்யம் போன்ற இடங்களில் கல்வி நிலையங்களும் சபைகளும் நிறுவப்பட்டன.

கடலூரில் பிராமணரல்லாத மேல்சாதி (பிள்ளை)யைச் சார்ந்த திரு. சொக்கநாத பிள்ளையின் மகன் (Rev. ஆரோன்) படிக்க வசதி நாடி அணுகினார். சவரிமுத்து உபதேசியாருடன் சீகன்பால்கு ஐயரை பொதுக்கல்வியுடன் திருமறை ஞானமும் பெற்று 1718-ம் ஆண்டு ஆரோன் என்ற பெயரில் ஞானஸ்நானம் ஏற்று கிறிஸ்தவரானார். தொடர்ந்து பயின்று சிறந்த ஓர் உபதேசியாராக பணியாற்றிக் கொண்டிருந்தார். மிஷனரிமார், உபதேசிமார் மற்றும் ஆசிரியர் களின் அயராத உழைப்பினால் திருச்சபை பெருகியது. சபைகளைப் பராமரிக்க சுதேச சபைகுருக்கள் உருவாக வேண்டு மென்றுணர்ந்து மிஷனரிகள் டென்மாற்கிலுள்ள தாய்சபைக்கு தெரிவித்தனர். தகுதியான இந்திய கிறிஸ்தவர் களுக்கு போதுமான பயிற்சியளித்து அவர்களை

சபை குருவாக அபிஷேகம் செய்வதற்கான டென்மாற்கு நாட்டு அரசன், இறையியல் கல்லூரி மற்றும் தலைமை பேராயர் ஆகியோரின் அனுமதி 1728-ம் ஆண்டு கிடைத்தது.

1733-ம் ஆண்டு பள்ளி ஆசிரியர் களாகவும் உபதேசிமார்களாகவும் இந்திய கிறிஸ்தவர்கள் 25 பேர் டேனிஷ் மிஷனில் பணியாற்றிக் கொண்டிருந்தனர். அவர்களில் சவரிமுத்து, ஆரோன், டியாகோ எனும் மூன்று உபதேசிமார்களையும் அழைத்து சபைகுரு ஆகும் விருப்பம் கேட்டனர். மூவரும் எழுத்துவடிவில் தங்கள் சம்மதத்தை மிஷனரிகளிடம் தெரிவித்தனர். 1733-ம் ஆண்டு ஈஸ்டர் அன்று இச்செய்தி பொது சபைக்கு அறிவிக்கப்பட்டது.

'திருச்சபை பரிபாலனம்', 'இறையியல்' போன்ற பாடங்கள் இவர்களுக்கு சுமார் ஒரு மாதகாலம் சிறப்பாக கற்பிக்கப்பட்டன. தினம் ஒரு மணி நேரம் ஜெப நிலையில் வாழ்வதற்கான பயிற்சியும் தரப்பட்டது. முழுசபையாருக்குமான அருளுரை ஆற்றிட வேண்டும் என்பதும் பயிற்சியின் ஒரு பங்கென கூறப்பட்டது. சவரிமுத்து உபதேசியார் இப்பரீட்சைக்கு தன்னை உட்படுத்த விருப்பமின்றி விலகிக் கொண்டார். 1733 மே மாதம் 25, 26 (திங்கள், செவ்வாய்) ஆகிய இரு நாட்கள் முறையே ஆரோனும் டியாகோவும் அருளுரை ஆற்றினர். புதன்கிழமை

புதன்கிழமை சுருக்கமான ஓர் ஆராதனைக்குப்பின், சபையாரில் குடும்பத்தலை வர்கள் யாவரும் ஒருவர் பின் ஒருவராக சபை குருவுக்கான அறைக்குள் (Vestry) சென்று ஆரோன், டியாகோ இவ்விருவரில் யாரை அபிஷேகம் செய்வது எனும் தங்கள் வாக்குகளை பதிவு செய்தனர். அங்கிருந்த ஆறு மிஷனரிகளும் தங்கள் வாக்குகளை தனியே பதிவு செய்திரு ந்தனர். வாக்குகளை எண்ணியபோது இரு வருக்கும் சமமான வாக்குகள் பதிவாயிருந்தன. மிஷனரிகளுடைய வாக்குகளும் 3+3 என்றே பதிவாயிருந்தன. சுமார் ஆறுமாதங்கள் நிதானமாக சிந்தித்து இருவரில் மூத்தவர், அனைத்து தரப்பு சபைகளோடும் நன்கு பழகுகின்றவர், சிறந்த அருளுரைஞர் ஆரோன் எனக்கண்டு அவருக்கே அபிஷேகம் தர அக்டோபர் மாதம் முடிவு செய்தனர். முதல் இந்தியர் அருள் திருவாளாராக்கப்பட்ட இந்த குரு அபிஷேக ஆராதனை 28-12-1733 அன்று தரங்கம்பாடி புதிய எருசலேம் தேவாலயத்தில் நடைபெற்றது. ஐரோப்பிய மிஷனரிமார் 11 பேர் இருந்து நடத்திய இவ்வாராதனை லுத்தரன் தொழுகை முறைப்படி தமிழ் மொழியிலேயே நடத்தப்பட்டது. ஏசாயா 66: 21 அருளுரைத் திருமறைப் பாடமாக இருந்தது. எல்லோரும் மகிழ்ச்சி அடைந்தனர்.

ஆரோன் அபிஷேகம் செய்யப்பட்டபோது அவருக்கு வயது 35. ஆங்கிலத்தில் எவ்வித வேறுபாடுமின்றி அன்றிலிருந்து தங்ஸ். ஆரோன் (Reverend பெருமதிப்புக்குரிய) என்றே அழைக்கப்பட்டார். எனினும் தமிழில் 'ஐயர்' என அழைக்கத் தயங்கி நின்றனர் அவரது சபையாரும் தமிழ் உலகமும். எப்படித்தான் அழைப்பது? எப்படியாவது அழைக்க வேண்டுமே! மகிழ்ச்சியும் ஆசையும் மனதில் நிறைந்து விட்டால், நாவுக்கு சொல் வேண்டும் சொல்லித்தீர்க்க! தங்களில் ஒருவர் 'ஐயர்' ஆக்கப்பட்டும் அவரை 'ஐயர்' என வாய்நிறைய அழைக்க இயலாமல், கனவுகண்ட ஊமையர் கூட்டமாய் ஏங்கி நின்றவேளை எப்படியோ முளைத்து, வளைந்து, நெளிந்து வெளிவந்த பெயர் தான் 'நாட்டு ஐயர்'. ஆங்கிலத்தில் Country Priest அல்லது Native Priest என்று தொகுத்து தமிழுக்குக் கொண்டு வந்திருப்பது போல் தோன்றுகின்றது. சாதி எனும் இந்திய பழக்கம் வாழ்க்கைப் பாதையில் எப்படியெல்லாம் குறுக்கிடுகின்றது பாருங்கள்!

*

# ബൈബിൾ പഠനം
# അപ്പൊസ്തല വിശ്വാസ പ്രമാണം
# (The Apostle's Creed)

(തുടർച്ച - 2)



**Rev. D.V. Bernard**
Rtd. Principal,
Concordia Seminary,
Nagarcoil
Mob: 8289911120

**ആമുഖം (Introduction)**

ക്രിസ്തീയ സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ഏറ്റു പറയുകയും ചെയ്യുന്ന വിശ്വാസ പ്രമാണങ്ങളിൽ ഒന്നാണ് അപ്പൊസ്തല വിശ്വാസ പ്രമാണം. മറ്റു രണ്ടു വിശ്വാസ പ്രമാണങ്ങൾ, നിഖ്യാ വിശ്വാസ പ്രമാണവും അത്തനാസിയോസിന്റെ വിശ്വാസ പ്രമാണങ്ങളുമാണ്. സാധാരണ ആരാധനകളിലും (തിരുവത്താഴ ആരാധന ഒഴികെ) തിരുസ്നാന ആരാധനകളിലും കുടുംബ പ്രാർത്ഥനകളിലും പുരോഹിതന്മാരുടെ പട്ടത്വ ശുശ്രൂഷകളിലും, ഭവന പ്രതിഷ്ഠകളിലും അടക്ക ശുശ്രൂഷകളിലും അപ്പൊസ്തല വിശ്വാസ പ്രമാണമാണ് സാധാരണയായി ഉപയോഗിക്കുന്നത്. 'നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നതിന്റെ ഒരു പ്രസ്താവനയാകുന്നു വിശ്വാസ പ്രമാണം. (ഡോ. മാർട്ടിൻ ലൂഥർ) ചെറിയ കറ്റേഹിസ്മുസ് ദൈവത്തെക്കുറിച്ച് വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ സത്യങ്ങളുടെയും ഒരു സംക്ഷിപ്ത രൂപമാണ് അപ്പൊസ്തല വിശ്വാസ പ്രമാണം.

**1. അപ്പൊസ്തല വിശ്വാസ പ്രമാണത്തിന്റെ രൂപീകരണം**

യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ എഴുതിയ വിശ്വാസ പ്രമാണം അല്ല; പകരം അവർ വിശ്വസിക്കുകയും സഭകളെ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത വിശ്വാസ പ്രമാണമാണ്. അപ്പൊസ്തലന്മാരുടെ കാലശേഷം രണ്ട്, മൂന്ന് നൂറ്റാണ്ടുകളിൽ ചില കള്ള ഉപദേശങ്ങൾ സഭയിൽ പ്രചരിപ്പിക്കപ്പെട്ടപ്പോൾ അവയെ എതിർക്കുന്നതിനും നിരാകരിക്കുന്നതിനും വിവിധ സഭാ കൗൺസിലുകളിൽ സഭാപിതാക്കന്മാർ അംഗീകരിച്ച വിശ്വാസ പ്രമാണമാണ്. വിശുദ്ധ വേദപുസ്തകം തന്നെയാണ് ഈ വിശ്വാസ പ്രമാണത്തിന്റെ രൂപീകരണത്തിന് അടിസ്ഥാനമായിരിക്കുന്നതും ആധാരമായിരിക്കുന്നതും. ത്രിത്വ ഉപദേശത്തെ ഉറപ്പിക്കുകയാണ് അപ്പൊസ്തല വിശ്വാസ പ്രമാണത്തിന്റെ ഉദ്ദേശ്യം.

**2. അപ്പൊസ്തല വിശ്വാസ പ്രമാണം ഒരു നീതി വിശ്വാസ പ്രമാണം**

ക്രിസ്തീയ സഭ വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യുന്ന മൂന്ന് വിശ്വാസ പ്രമാണങ്ങളും ത്രിത്വ വിശ്വാസത്തിൽ ഉള്ളതാണ്. ദൈവത്തെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേക ദൈവത്തെയാണ് അപ്പൊസ്തല വിശ്വാസ പ്രമാണവും ഏറ്റു പറയുന്നത്. ത്രിത്വപരമായിരിക്കുന്നതിനാലാണ് ഈ പ്രമാണത്തെ മൂന്നു അംശങ്ങളായി മാർട്ടിൻ ലൂഥർ തിരിച്ചിരിക്കുന്നത്. തിരുവെഴുത്തുകൾ ദൈവം ത്രിയേകൻ എന്ന് വെളിപ്പെടുത്തുന്നു. ക്രിസ്തീയ സഭ, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ആകുന്ന ത്രിയേക ദൈവത്തിന്റെ നാമത്തിലാണ് തിരുസ്നാനം ഏൽക്കുന്നത്. യേശുവിന്റെ അന്ത്യ കല്പനയും അതു തന്നെയാണല്ലോ. (മത്താ.28:18-20) വെളിപ്പെടുത്തുന്നത്.

**3. അപ്പൊസ്തല വിശ്വാസപ്രമാണം - മൂന്നു അംശങ്ങൾ**

**1. ഒന്നാം അംശം :** ഒന്നാം അംശം പിതാവായ ദൈവത്തെക്കുറിച്ച് ഏറ്റു പറയുന്നു. പിതാവ് സർവ്വശക്തനാണ്; സർവ്വത്തിന്റെയും സൃഷ്ടി കർത്താവാണ്. അവൻ ആകാശത്തെയും ഭൂമിയേയും ഭൂമിക്കു കീഴെയുള്ള വെള്ളത്തിലും ദൃശ്യമായവയും അദൃശ്യമായവയും അവയിലുള്ള സർവ്വ ചരാചരങ്ങളെയും സൃഷ്ടിച്ചവനാകുന്നു. സൃഷ്ടിക്കുക മാത്രമല്ല പരിപാലിക്കുകയും ചെയ്യുന്നു. ഇത് ത്രിത്വത്തിലെ ഒന്നാമത്തെ ആളത്വം. പിതാവായ ദൈവം സർവ്വശക്തൻ മാത്രമല്ല; സർവ്വജ്ഞാനിയും സർവ്വവ്യാപിയും കൂടെയാകുന്നു.

**2. രണ്ടാം അംശം :** രണ്ടാം അംശത്തിൽ പുത്ര നായ ദൈവത്തെക്കുറിച്ച്, അതായത് കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനെക്കുറിച്ചു ഏറ്റു പറയുന്നു. യേശു പിതാവായ ദൈവത്തിന്റെ ഏക പുത്രൻ. അവന്റെ കന്യക മറിയയിലുള്ള ജനനം (ഭൂമിയിലുള്ള അവതാരം), അവനിലൂടെയുള്ള വീണ്ടെടുപ്പ് - കഷ്ടപ്പാട്, ക്രൂശിലെ മരണം, ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം, വീണ്ടും വരവ്, ന്യായവിധി എന്നീ കാര്യങ്ങളെക്കുറിച്ച് വിശ്വസിക്കുന്നു; ഏറ്റു പറയുന്നു. ഇത് വിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളത്വം.

**3. മൂന്നാം അംശം :** മൂന്നാം അംശത്തിൽ, ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമായ പരിശുദ്ധാത്മാവിനെക്കുറിച്ചു ഏറ്റു പറയുന്നു. വിശുദ്ധീകരണവും ക്രിസ്തീയ സഭയും പാപമോചനവും ശരീരത്തിന്റെ പുനരുത്ഥാനവും നിത്യജീവനും എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. വിശുദ്ധിയിലേയ്ക്കുള്ള ഒരു പ്രക്രിയയാണ് ശുദ്ധീകരണം. പരിശുദ്ധാത്മാവ് ഒരു വ്യക്തിയെ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിൽ നയിക്കുകയും അപ്രകാരം യേശുക്രിസ്തു ക്രൂശിലൂടെ നേടിത്തന്ന വീണ്ടെടുപ്പിന്റെയും നിത്യജീവന്റെയും കൂട്ടവകാശികളാക്കിത്തീർക്കുകയും ചെയ്യുന്നു. അവൻ വിശ്വാസികളുടെ കൂട്ടമായ വിശുദ്ധ ക്രിസ്തീയ സഭയുടെ അംഗങ്ങളാക്കി നമ്മെ മാറ്റുകയും ചെയ്യുന്നു (യോഹ. 16:8, 12).

അപ്പൊസ്തല വിശ്വാസ പ്രമാണത്തിന്റെ മൂന്ന് അംശങ്ങളിലും 'ഞാൻ വിശ്വസിക്കുന്നു' എന്നു ഏറ്റു പറയുന്നു. ഇതിൽ മൂന്ന് കാര്യങ്ങൾകൂടെ മനസ്സിലാക്കാവുന്നതാണ്. ഒന്നാമതായി, യേശുക്രിസ്തുവിൽക്കൂടി കാരുണ്യവാനായ ദൈവത്തെക്കുറിച്ചുള്ള അറിവ് - അതായത് ക്രിസ്തുവെന്ന തലയെക്കുറിച്ചുള്ള അറിവ്. രണ്ടാമതായി, ദൈവത്തിന്റെ കല്പനകളും വാഗ്ദത്തങ്ങളും സത്യമാണെന്നുള്ള അംഗീകരണം - അതായത് ഹൃദയം കൊണ്ടുള്ള അംഗീകരണം, മൂന്നാമതായി, ദൈവത്തിലുള്ള പൂർണ്ണ വിശ്വാസത്തോടെയുള്ള വിധേയത്വവും ആശ്രയവും. അതായത് ആത്മാവിലുള്ള ദൃഢ വിശ്വാസം.

## പര്യവസാനം (Conclusion)

അപ്പൊസ്തല വിശ്വാസ പ്രമാണത്തെ താഴെക്കൊടുത്തിരിക്കുന്ന വാക്കുകളിൽ ചുരുക്കി പ്രസ്താവിക്കാം. എന്നെ സൃഷ്ടിച്ച പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു; എന്നെ വീണ്ടെടുത്ത പുത്രനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു; എന്നെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു; ത്രിയേക ദൈവത്തിലും അവനിലുള്ള വിശ്വാസത്തിലും നമുക്കു നിലനില്ക്കാം.

**കുറിപ്പ് :** അപ്പൊസ്തല വിശ്വാസത്തിന്റെ പൂർണ്ണമായ വ്യാഖ്യാനം ഡോ. മാർട്ടിൻ ലൂഥറിന്റെ 'ചെറിയതും വലിയതുമായ കറ്റേഹിസ്മുസ്സുകളിൽ നിന്നും നമുക്കു പഠിക്കാം.

**അവലംബം :** 1) സത്യവേദ പുസ്തകം
2) ചെറിയ കറ്റേഹിസ്മുസ് (ഡോ. മാർട്ടിൻ ലൂഥർ)
3) ലൂഥറൻ സഭ എന്തു വിശ്വസിക്കുന്നു?
(Rev. വാൾട്ടർ W. സ്നെയ്ഡർ & Rev. വാൾട്ടർ P. സ്നെയ്ഡർ)
4) ലൂഥറൻ കൺഫെഷൻസ് (പരിഭാഷ : Rev. Dr. J.P. Das)

✱






Rohin Reen (Std: VII),
S/o Reen & Chithra,
Lutheran Church, Mylakara



Pramisha
LCSV, Urambu Unit



ജെ.എസ്.ദന്താശുപത്രി
(Transforming Smiles Since 1996)
കോളേജ് റോഡ്, കാഞ്ഞിരംകുളം
Ph: 0471 2260424
Decay
Inflamed Pulp
Infected Pulp
പ്രവർത്തന സമയം
9 AM to 1 PM
3 PM to 7 PM
Dr. Melvin Joseph BDS
Ph: 9846471685

# EZHUTHACHAN COLLEGE OF PHARMACEUTICAL SCIENCES

(Run by Ezhuthachan National Academy)
An ISO 9001 : 2015 Certified Institution
Marayamuttom P. O, Neyyattinkara, Thiruvananthapuram-695 124

## Courses Offered

B.Pharm ( 4 Years Degree)
M.Pham (2 Years Degree)
* Pharmaceutical Chemistry
* Pharmaceutics
* Pharmacology
Pharm .D (6 Years Degree)
D.Pharm ( 2 Years Diploma)
Ph.D

## Our Features

- Approved Research Centre
- Decades rich legacy in quality education
- Maintaining excellence in academic standards
- Eco-friendly atmosphere
- Dedicated & experienced team of faculty
- Digitalized tools for teaching and learning
- Individually focused academic structure
- Well-equipped laboratory with modern equipments
- Hassle free to and fro transportation facility connecting rural and urban areas of Thiruvananthapuram.
- Digitalized library with voluminous books and journals
- Digitalized & morden lecture hall
- Well established Institute-Industry interaction cell which provides timely visit to reputed Pharmaceutical Industries
- Secured, spacious and separate hostel facility for boys and girls
- Co curricular activities through NSS, RRC, ICC,YIP, IEDC and Student's union
- 100% placement assistance through Placement Cell
- Round the clock Student Support and Guidance Cell
- Round the clock Pharmacovigilance program under the Department of Pharmacy Practice as per the directives of Pharmacovigilance Programme of India (PvPI)
- Following current Good Clinical Practices, under the guidance of highly qualified and renowned doctors of various departments.

## THUNCHAN SMARAKA PUBLIC SCHOOL

SENIOR SECONDARY
Marayamuttom | Ph : 0471-2995070, 6235628070
Affiliated to CBSE | New Delhi No : 931199

Classes :
**PRE KG - PLUS TWO**

## EZHUTHACHAN INSTITUTE OF TEACHER EDUCATION (TTI)

Marayamuttom, Neyyattinkara | Tel : 0471 2278070

Courses : **Diploma in Elementary Education (D.El.Ed) (TTC)**


Printed and Published by Dr.Babu K Norbert, Kripa, Vazhuthur, Neyyattinkara, TVM
Designed & Printed at Rainbow Offset Press, Vadoorkonam